# അരുണോദയം.

ഗ്രന്ഥകർത്താ
ഉള്ളൂർ എസ്. പരമേശ്വരയ്യർ

[പകർപ്പവകാശം ഗ്രന്ഥകർത്താവിൽ]

പ്രകാശകൻ,
കുളക്കുന്നത്തു ശങ്കരമേനോൻ.

ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

ഒന്നാംപതിപ്പു്—കാപ്പി ൧൦൦൦.

"കമലാലയ" പ്രസ്സ്—തിരുവനന്തപുരം.

1105

[വില [illegible]

NATIONAL LIBRARY No. 621 Date 12-2-35
S. PARAMESVARA AIYAR TRIVANDRUM
NATIONAL BOOK STALL KOTTAYAM KALARIKAL BAZAAR

☞ പ്രകാശകന്റെയും ഗ്രന്ഥകർത്താവിന്റെയും മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# മുഖവുര.

കുറെ കൊല്ലങ്ങൾക്കു മുൻപു കേരളീയകവികൾ താൽക്കാലികമായ വിനോദത്തിനായി മാത്രം ഒരുതരം ഖണ്ഡകാവ്യങ്ങൾ നിൎമ്മിച്ചുവന്നിരുന്നു. പ്രസിദ്ധമോ ഉൽപാദ്യമോ ആയ ഒരു കഥ ഇതിവൃത്തമായി സ്വീകരിച്ചു്, അതിനെ ആസ്പദമാക്കി ഏതാനും സൎഗ്ഗങ്ങളിൽ ഒരു ഖണ്ഡകൃതി രചിക്കണമെന്നു് രണ്ടോ അതിലധികമോ കവികൾ ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ തീൎച്ചപ്പെടുത്തി, ആ തീൎച്ച അനുസരിച്ചു് ഇന്നയിന്ന സൎഗ്ഗങ്ങൾ ഇന്നയിന്ന കവികൾ നിൎമ്മിക്കണമെന്നു നിൎദ്ദേശിച്ചു്, നിമിഷകവനപ്രസ്ഥാനത്തേയോ, അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസംകൊണ്ടു കാവ്യപരിസമാപ്തി വരത്തക്ക നിലയിൽ ഉള്ള ഏതെങ്കിലും സുഗമനിബന്ധനപ്രസ്ഥാനത്തേയോ അംഗീകരിച്ചു്, ആ വിനോദവ്യവസായം പൂൎത്തിയാക്കി, അതിന്റെ ഫലം വല്ല മാസികകളിലും പ്രസിദ്ധീകരിക്കുക എന്നുള്ള കാൎയ്യപരിപാടിയെയായിരുന്നു അവർ പ്രായേണ ആ മാതിരി സന്ദൎഭങ്ങളിൽ അനുവൎത്തിച്ചുവന്നതു്. അത്തരത്തിലുള്ള ഒരു സംഭ്രയസമുത്ഥാനം സാഹിത്യസാമ്രാജ്യത്തിൽ ഇപ്പോൾ കേവലം അസ്തമിതപ്രായമായിരിക്കുന്നു.

യശശ്ശരീരനായ എന്റെ പ്രാണസുഹൃത്തു് പന്തളത്തു കേരളവൎമ്മ തമ്പുരാൻ ജീവിച്ചിരുന്ന കാലത്തു് മേൽപ്രസ്താവിച്ച കവനവിഹാരത്തിൽ ഞങ്ങൾ പലപ്പോഴും ഏൎപ്പെട്ടിരുന്നു. വള്ളത്തോൾ, കുണ്ടൂർ, ഒടുവു്, കുറ്റിപ്പുറം

മുതലായ ഇതരമാന്യകവികളും ആക്കാലത്തു് ഈ ഔൽസുക്യത്തിനു വശംവദന്മാരായിരുന്നു. അന്നു് ഞാൻ കൂടി പങ്കുചേൎന്നു രചിച്ചിട്ടുള്ള പതിമ്മൂന്നു ഖണ്ഡകാവ്യങ്ങളിൽനിന്നു് എന്റെ ഭാഗങ്ങൾ മാത്രം ഭാഷാബന്ധുക്കളായ പല സ്നേഹിതന്മാരുടേയും നിർബന്ധംനിമിത്തം സമാഹരിച്ചു്, ഇപ്പോൾ പ്രത്യേകമൊരു പുസ്തകത്തിന്റെ ആകൃതിയിൽ, അരുണോദയമെന്ന പേരിൽ പ്രകാശനം ചെയ്തുകൊള്ളുന്നു. അനൂരുവാണല്ലോ അരുണൻ; സമഗ്രാങ്ഗമല്ലാത്ത ഈ കൃതിസമുച്ചയത്തിന്റെ ആവിർഭാവത്തിനു് അതിനാൽ "അരുണോദയ"മെന്ന നാമധേയം ഒരു വിധത്തിൽ അനപത്ഥമെന്നത്രേ ഞാൻ ഊഹിക്കുന്നതു്. ഇന്നത്തെ സാഹിത്യഭാസ്കരൻ കേരളത്തിൽ അന്നു് ഉദിച്ചിരുന്നില്ല; എങ്കിലും അന്നത്തെ സാഹിത്യാരുണൻ ഈ ഭാസ്കരന്റെ ഉദയത്തെ ആവേദനം ചെയ്യുവാൻ പൎയ്യാപ്തനായിരുന്നു. തന്നിമിത്തം എന്റെ ഈ കൃതിക്കു് അരുണോദയമെന്ന പേർ മറെറാരുവിധത്തിലും അനുപപത്തി കൂടാതെ യോജിക്കുന്നുണ്ടു്.

അന്നത്തേതിൽനിന്നു് ഇന്നത്തെ സഹൃദയരുചി പലപ്രകാരത്തിൽ ഭേദപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എങ്കിലും, ഒഴുക്കനായി, ഒട്ടൊക്കെയൊരു വെണ്മണിച്ഛായയിൽ രചിച്ചിട്ടുള്ള എന്റെ ഈ പഴയ കൃതികളിൽ ആസ്വാദ്യങ്ങളായ ചില അംശങ്ങൾ അവിടവിടെ കണ്ടേക്കുമെന്നുള്ള പ്രത്യാശയാണു് എന്നെ ഈ ഉദ്യമത്തിലേക്കായി പ്രേരിപ്പിച്ചതു്. ഇതിൽ വല്ല അപരാധവുമുണ്ടെങ്കിൽ മഹാമനസ്കന്മാരായ ഇദാനീന്തന സഹൃദയന്മാർ അതിനെ മൎഷണംചെയ്യണമെന്നും എനിക്കു് അപേക്ഷയുണ്ടു്. ഇന്നത്തെ രുചിക്കും ഇനിയൊരു കാലത്തിൽ ഭേദം വരാം. ലോകത്തോടൊപ്പം നാമും,

സാഹിത്യവും പുരോഗമനം ചെയ്യുമ്പോൾ അങ്ങനെയല്ലാതെ വരുവാൻ തരവുമില്ല.

ഈ ഗ്രന്ഥത്തെ

> "എൻപന്തളക്ഷിതിധവൻ കവിതാരസാല-
> ക്കൊമ്പത്തു മിന്നിയൊരു കോകിലചക്രവർത്തി"

യുടെ സ്മാരകമായി സജ്ജനസമക്ഷം സമർപ്പണം ചെയ്യുകയാണെന്നുകൂടി വിരമിക്കുന്നതിനു മുൻപായി വിനീതിപൂർവം വിജ്ഞാപനം ചെയ്തുകൊള്ളട്ടെ.

തിരുവനന്തപുരം,
൧—൫—൧൧൦൫.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

—(o)—

# വിഷയാനുക്രമണിക.


൧. സരള (ഒന്നും രണ്ടും സർഗ്ഗങ്ങൾ)
൨. വിഷ്ണുമായ (മൂന്നും നാലും സർഗ്ഗങ്ങൾ)
൩. ദേവകി (ഒന്നും രണ്ടും സർഗ്ഗങ്ങൾ)
൪. പത്മിനി (മൂന്നും നാലും സർഗ്ഗങ്ങൾ)
൫. സത്യവതി (ഒന്നും മൂന്നും സർഗ്ഗങ്ങൾ)
൬. കലാവതി (ഒന്നാംഭാഗം)
൭. തങ്കമ്മ (രണ്ടാംഭാഗം)
൮. അംബരീഷശതകം (ഉത്തരഭാഗം)
൯. ദേവയാനീപരിണയം (മൂന്നാംഭാഗം)
൧൦. ആഞ്ജനേയവിജയം (ഒന്നാംഭാഗം)
൧൧. കോമൻ (നാലാംഭാഗം)
൧൨. കല്യാണാഘോഷം (നാലാംഭാഗം)
൧൩. ഇന്ദ്രദ്യുമ്നൻ (രണ്ടാംഭാഗം)

# അരുണോദയം.

## *സരള.

### ഒന്നാം സർഗ്ഗം.

സുരതടിനി, വിഭൂതി, ഭോഗിവൃന്ദം,
പരമമലപ്പുകൾതിങ്കളെന്നിതെല്ലാം
ഹരനുസമമണിഞ്ഞു വംഗദേശം
ധരണിയിൽ നിർഭരമുല്ലസിച്ചിടുന്നു.

കടൽമകളുടെ കാമദങ്ങളാകും
കടമിഴികൾക്കു കളിപ്പതിന്നരങ്ങായ്
കട,തെരു,വിവകൊണ്ടതിങ്കലത്യർ–
കടരുചിപൂണ്ട പുരത്തിനറ്റമില്ല.

അതിനു നടുവിൽ മുമ്പു മൂഷീഡാബാ–
ദിതി പുകളേന്തിടുമിദ്ധമാം പുരത്തിൽ
പ്രതിഭടഭയദൻ നവാബു വംഗ–
ക്ഷിതിഭരമേറ്റു സുരാജനാമധേയൻ.

* ഇതിന്റെ ഉത്തരഭാഗം ശ്രീമാൻ കുറിപ്പുറത്തു കേശവൻ നായരുടെ കൃതിയാകുന്നു.

രമണപദമവന്നണച്ചു വംശ-
ക്ഷമയുടെ ജാതകദോഷമെന്തുചൊൽവൂ!
സമതയുലകിലററ ശ്രൈഷ്ഠ്യമാൎന്നാ-
ക്ഷമതി പൃഥുപ്രഥ വേനന്നും വരുത്തി.

മടി, ചപലത, കാമദാസ്യ, മന്ദഃ-
കുടിലത, ഭള്ള, ദുരാശ, ബുദ്ധിമാന്ദ്യം,
കുടി,യിതുകളിലൊന്നു പോരു,മെല്ലാം
പിടിപെടുകിൽക്കഥ മന്നനെന്തു പിന്നെ?

സുരയിൽ മമതപൂണ്ടു തള്ളയിൽപ്പോൾ
വിരവൊടു തന്റെ സുരാജനാമധേയം
പരമൊരുവിധമന്നു തെററിയാലും
നരപതി മറെറാരു മട്ടു സാൎത്ഥമാക്കി.

ഝടിതി നഭസി കാറുകൊണ്ടിടുംപോൽ-
ക്കുടിലനകാരണമീക്ഷണം ചുകന്നാൽ
ചൊടിയൊടുമത്തുതൻ നിറത്തെ നാട്ടാർ-
മുടികളറുത്തു സരിൽപതിക്കുമേകം.

ദുരയെഴുമവനായ്ക്കരം യഥേഷ്ടം
ദുരയുമണപ്പതിൽ വൈമനസ്യമാൎന്നാൽ
കരമൊടുമുയിരററ തച്ഛരീരം
വിരവൊടു വാളുപഹാരമാക്കി വയ്ക്കും.

ഒരുവിധമഴകാൎന്നപോകിലട്ട-
ഷ്പുരുഷനിൽ വായ്പ്പൊരു കാമദേവതയ്ക്കായ്
ഗുരുവധുവുമവൾക്കെഴും സതീത്വം
കരുതികഴിക്കണ,മന്യയെന്തുപിന്നെ?

ഹരിപുരനദികൊണ്ടു വാച്ച നെല്ലാം
ഹരിതനിചോളമണിഞ്ഞൊരാപ്രദേശം
ഹരിമുഖമൃഗയുക്തകാനനംപോൽ
ഹരി! ഹരി! മാനവർ കൈവെടിഞ്ഞുപോയാർ.

പുരുമദമെഴുമന്നൃപാലപാശൻ
സുരുചിരകാന്തി കലർന്ന വംഗരാജ്യം
പെരുതഹഹ! മഥിച്ചു കാളിയാഖ്യൻ
കരുണവെടിഞ്ഞു കളിന്ദകന്യയെപ്പോൽ.

അരുളു പറവതിന്നു, ശുദ്ധകൊല്പ്രാ-
പ്പരുവമവൻ ഭുജമാമിരുമ്പുചക്കിൽ
പുരുഷരെയതിവേലമാട്ടിയാട്ടി-
പ്പെരുതുയിരെണ്ണ പിഴിഞ്ഞെടുത്തു കഷ്ടം!

ഉര പരമിയലുന്നൊരപ്പുരത്തിൽ-
ത്തരളവിലോചനമാർക്കു മൌലിമുത്തായ്
ഒരബല സരളാഖ്യ വാണിരുന്നാൾ
സ്മരന്റെ ജഗജ്ജയവൈജയന്തിപോലെ.

ഹരസഖനടിമപ്പെടുന്ന സമ്പദ്-
ഭരമൊടു മാധവചന്ദ്രനാം സ്വതാതൻ
സരളയെ വഴിപോൽ വളർത്തി മേന്മേൽ
വരമുനിയാം കവി ദേവയാനിയെപ്പോൽ.

ദിനമനു നിലവിട്ടു വാച്ചകേറും
ഘനനവയൌവനകാന്തികന്ദളത്താൽ
വനജഭവയശസ്സുയർത്തി മേന്മേൽ
ജനനയനാമൃതധാരപെയ്തു തന്വി.

ചുരുളുമൊരളുക,ങ്ങളൊത്തു വണ്ണി-
ച്ചുരുളുമൊരക്കളെർപ്പൊൽക്കുചക്കുടങ്ങളും;
ഇരുളിനു തടവററ തോലി മേന്മേ-
ലരുളിന പൂങ്കുഴൽ; നീണ്ട നേത്രയുഗ്മം;

കടലിലല കണക്ക കാമമോമൽ-
ക്കടമിഴിയിൽക്കളിയാടിടുന്ന നോട്ടം;
വിടപദവി മുനീശർക്കേകുമകാ-
ന്തടമപെരുത്തൊരു ലോഹിതാധരോഷ്ഠം;

പനിമതി പണിയും മുഖം; മനോജ-
പ്പനി തരുണക്കരുളുന്ന ദന്തപംക്തി;
ഇനിയൊരു വദനത്തിൽ വായ്ക്കുമാസപ-
ദ്ധ്വനിയിലെഴും തിരതോററ മന്ദഹാസം;

ഇതുകളൊടിതരാംഗപാളിതൻ നൽ-
പ്പുതുമ പുലർന്നൊരു പുണ്യകാന്തിപൂരം
അതുലമിയലുമനന്താംഗിതന്മേ-
യ്യതുപൊഴുതാക്കുമകക്കരുന്നലച്ചു.

[കുളകം.]

ചടുലനയനതൻ ചരിത്രമാരോ
കെടുമതിയായ സ്വരാജനോടുരമാതി;
മടുമലർ വിരിയുമ്പൊഴന്തികത്തിൽ-
പ്പെടുമഹിയും കിളിപോലെയെന്തുചെയ്‌വൂ?

“അരിവയറവളത്ര കേമിയെങ്കിൽ-
ശ്ശരിവരെ ഞാനവളെപ്പുണർന്നുകൊള്ളും;
ഹരി ദൃഢമവകാശി മത്തനാകും
കരിയുടെ മസ്തകമുത്തുമാല ചാർത്താൻ.

സതിയവൾ പരിണീതപോലു,മെന്താ-
ണതിന്നു വിരോധ,മതാണു സത്തതിങ്കൽ;
കതിരവനൊടു ചേർന്നു പൂത്ത തണ്ടാ-
രതിൽ വരിവണ്ടണയുന്നു: മൊട്ടിലുണ്ടോ?

നിലയിതു ശരിതന്നെ നൂനമെന്നാൽ-
ബ്ബലനിധി മാധവനെപ്പിണക്കിടാതെ
ചലമിഴിയെ ലഭിക്കിൽ നന്നു; റോസാ-
മലർ മതി; കൈകളിൽ മുള്ളു കൊണ്ടിടേണ്ട!

അവളുടെ തൻവൊന്നു കണ്ടു വേണ്ടു-
ന്നവ നിരൂപിക്കുവ”നെന്നുറച്ചു പിന്നെ
നൃവരനൊരു വധൂടിതൻെറ മട്ടിൽ-
ജ്ജവമൊടു മാധവമന്ദിരത്തിലെത്തി.

ഭുവി നൃവരനു കേട്ടുകേൾവിയെല്ലാ-
മവിടെ വെറും നിഴലെന്നു തോന്നിടുംപോൾ
സുവിമലസുഷമാബ്ധി കോളുകേറി-
ക്കവിയുമൊരോമന കണ്ണിൽ വന്നുമുട്ടി.

അതുവരെ നയനോത്സവത്തിൽ മാത്രം
കതുകമിയന്ന കശീലനപ്പൊഴെയ്യും
ചതുരയുടെ ചുകന്ന ചുണ്ടു നോക്കി-
പ്പുതുമയെഴും രസനോത്സവം കൊതിച്ചു.

ഉടമയൊടു ഹാൽപ്പിടിച്ചു പുല്ലാൻ
തുടരുമൊരമ്മടവാരിൽ നിന്നു വാങ്ങി
സ്ഫുടമുരുഭയശങ്കകൾക്കു ലാക്കായ്-
പ്പിടമൃഗനേർമിഴി കാന്തപാർശ്വമെത്തി.

"ഒരുവളരികിലെത്തി നാഥ! പുല്കാൻ
വരുവതു കാൺ,കവരം ഭൂതമോ പുമാനോ?
അരുതറിവതി"നെന്ന വാക്കു കേട്ട-
ച്ചുരുബലിചെന്നു നവാബിനെപ്പിടിച്ചു.

"അരുതരുതു സുരാജദൌല ഞാൻ,നി-
സ്സുരുചിരഗാത്രിയെയൊന്നു കണ്ടുകൊൾവാൻ
കരുതിയിവിടെ വന്നു"വെന്നു ഭൃത്യ-
ത്തരുളി വിറച്ചു വിയർത്തു വാടിനിന്നു.

"അലമിതു ഖല! നിൻ്റെ കൊച്ചുകോഴി-
ത്തല തിരുകിത്തറയിൽ കുഴിച്ചുമൂടാൻ
ബലമെഴുമിവനാശയില്ല; യുദ്ധം
തുലപെരുവോരൊടു ചെയ്യതാണു ധർമ്മം.

വിടരുതു ശഠ! നിന്നെയെങ്കിലും ഞാൻ
വിട തരുവൻ; വെറുതേ പിടച്ചിടേണ്ട;
സ്ഫുടമിവിടെയണഞ്ഞതിന്നൊരങ്കം
വിട! തവ നല്കി വെളിക്കിറക്കിടുന്നേൻ.

തണ്ടാർദലേക്ഷണകളോടൊളിവിൽക്കടന്നു
വേണ്ടാസനം തുടരുകിൽ ഫലമാക്കുമേവം
ഉണ്ടാക"മെന്നവനരച്ചൊരുരുക്കുകത്തി-
കൊണ്ടാക്കശീലനുടെ മീശ ചിരച്ചുവിട്ടു.

——:(*):——

# രണ്ടാം സർഗ്ഗം.

---

ആണത്തമററ നില വന്നതുകൊണ്ടു മൂററം
കേണപ്പുമാൻ, കഴുത ഹന്ത! വിഴുപ്പുപോലെ
നാണം ചുമന്നു തലതാഴ്ത്തി നടന്നു; മന്നിൽ–
പ്രാണങ്ങൾ പുല്ലു; വലുതൊന്നു നരക്കു മാനം.

നേരംവെളുത്തളവു ദർപ്പണമൊന്നു നോക്കാൻ
പാരം കൊതിച്ചു പതിതൻ വദനത്തെ നോക്കി,
ദാരങ്ങൾ തൂകിയൊരു പുഞ്ചിരിവെണ്ണിലാവാ–
ക്രൂരൻെറ ഹൃത്തിലെരിതീക്കനൽ കോരിയിട്ടു.

"സ്ത്രീയാണു ഗൃദ്ധ്രമൊടു നൽപ്പുത്തുമാരിപെററാ–
രീയാനണഞ്ഞു ചിറകൊക്കെയറുത്തപോലെ,
ജായാഭുജിഷ്യമുഖർക്കൂടി ഹസിച്ചിട്ടും മ–
ട്ടീയാൾ കടന്നിവനെയിങ്ങനെയാക്കിയല്ലോ!

ആ മഞ്ജുവാണിയുടെ കോമളമായ കൊന്ന–
പ്പൂ മങ്ങിടുന്ന പുതുമേനി പുണർന്നുകൊൾവാൻ
ഈ മന്നനിങ്ങനെയിരിപ്പുളവേത്തു കള്ള–
ക്കോമട്ടിയോക്കും? അവനെങ്ങനെ നാളു നീളും?

പോരായ്മയെന്തിതിനു മേ,ലവനെൻെറ വീടാം
കാരാഗൃഹത്തിനകമെന്നെയടച്ചുപൂട്ടി!
പാരാതവൻെറ കളുർമെയ് ച്ചുടുചോരയാററിൽ
നീരാടിയെന്നസി കൃതാർത്ഥത നേടിടട്ടേ!!

എന്നാന്തികത്തിലരിയെത്തരസാ വരുത്തു-
കെ’ന്നപ്പുമാനരുളുമാജ്ഞ ലഭിച്ചനേരം
സന്നദ്ധരായ ഭടർ കൈയ്ക്കു വിലങ്ങുവച്ചു
മന്നന്റെ മുന്നിലവനെ ത്വരിതം നിറുത്തി.

"ഹാ വാ! കടന്ന ശഠ! നിൻ ഗളശോണിതത്തി-
ലീ വാൾ കിടന്നു മറിയും കളികണ്ടുകൊൾക."
ആ വാമതൻ ഭക്തിയോടേവമുരച്ചവന്റെ
നാവാശു വെട്ടി നൃവരൻ തല കൊയ്തെടുത്തു.

"അമ്മാ നിനക്കു കണികാണ്മതിനെന്റെ കൊച്ചു-
സമ്മാന"മെന്നു സരളയ്ക്കൊരെഴുത്തൊടൊപ്പം
അമ്മാനവന്റെ തല പൊൻതളികയ്ക്കകം വ-
ച്ചമ്മാനഹീനനലിവററു കൊടുത്തയച്ചു.

കന്നോടെതിർത്തകഥയാളുടലോടു വേറാം
തന്നോമനപ്രിയനെഴും തല കണ്ടനേരം
വന്നോരഴൽക്കടലിൽ മുങ്ങിയതിന്നവണ്ണ-
മെന്നോർത്തു കൊൾവി,നെഴുതാനെളുതല്ലയല്ലോ.

രണ്ടായിരം കണകൾ മേനിയിലൊത്തുചേർന്നു-
കൊണ്ടാൽക്കണക്കവശയായഴലേററമേന്തി
വണ്ടാർത്തൊഴുംകുഴലി വാർത്തൊരു കണ്ണുനീരു
കണ്ടാൽക്കഴിഞ്ഞു കഥ; കല്ലുമലിഞ്ഞുപോകും.

മാറിൽത്തൊഴിച്ചു, തലതല്ലി,യകത്തഴൽത്തീ
നീറിപ്പരം, മതിമറന്നു വിളിച്ചുകൂകി,
ആറിൻകണക്കധികമശ്രു പൊഴി,ച്ചിരുണ്ട
കാറിൽക്കവിഞ്ഞഴകെഴും കചയാൾ കരഞ്ഞാൾ.

കേണട്ടിനം കുളി,പഠിപ്പു,ണ്ണി,പൂ,വുറക്ക,–
മൂ,ണല്പമീവകയിലൊന്നിലുമാശയെന്ന്യേ
ഏണാംതൊഴും മിഴി വസിച്ചു; സതിക്കു ദുഃഖം
പ്രാണപ്രിയന്റെ മൃതിയിൽപ്പരമെന്തു പാരിൽ?

ഉൾത്തട്ടെരിഞ്ഞിണപിരിഞ്ഞു കരഞ്ഞിടുന്ന
തത്തമ്മപോൽച്ചിലദിനങ്ങൾ കഴിച്ചശേഷം
പുത്തൻ മരന്ദമൊഴിയാൾക്കു കടുപ്പമയ്യോ!
ചിത്തഭ്രമത്തിനുടെ ചിഹ്നവുമങ്കുരിച്ചു.

അപ്പിച്ചകപ്പുതുമലർക്കെതിർമേനിയാളി–
ലുൾപ്പിച്ചുണപ്പതിനു തക്ക വിയോഗദുഃഖം
കല്പിച്ചുണച്ച വിധി കശ്മലനെന്നു ലോകം
ജല്പിച്ചു; മൃത്തൊടു വസിച്ചു നവാബ്ദമാത്രം.

ഉള്ളററുപോയ്ക്കരയിൽ നില്പതൊരിക്കൽ വീണു
വെള്ളത്തിൽവീഴ,മതുപോലെ മറിച്ചുമാകും;
ഉള്ളം മറന്നിടരു,തൊക്കെയുമീശപരന്റെ
കള്ളക്കളിക്കലെവി; കണ്ടറിവാൻ ഞെരുക്കം.

ആട്ടം, മദത്തൊടു തൊഴുത്തുകളിൽക്കടന്നു
മാട്ടും, പിടിച്ച പുലി മർത്ത്യനൊടേററിടുമ്പോൾ
തേടും ദ്രവം മൃതി; സ്വരാജനമക്കണക്കി–
ലീട്ടററ ഹൂണരൊടു പോരിനൊരുക്കമെത്തി.

പാഴായ് ജ്ജനസ്സുകളവോരവനേത്തുമൂഴി
വാഴായ്‌വതിന്നു വഴിപാർത്ത ജനത്തിനെല്ലാം
താഴാത്ത മൃത്തു പരമാ രണവാർത്ത നല്കി.
വേഴാമ്പലിന്നു പുതുതാം മഴയെന്നപോലെ.

ആ വംഗവാസികളശേഷമവന്നരാതി-
ഭാവം വഹിച്ചളവു ഹൂണപതിക്കു സാഹ്യം
കൈവന്നു വേണ്ടതൊരു പൂച്ചുമരുന്നുകൂടി-
ദ്ദൈവപ്പകപ്പനി പിടിപ്പവനില്ലയല്ലോ.

നേരിട്ടുമൊട്ടു ചില,രന്യരൊളിച്ചുനിന്നും,
പോരിന്നു ഹൂണരൊടു ചേർന്നിടുവാനുറച്ചു;
പാരിൽത്തനിക്കു തുണ താനൊരു ജന്തുവായി-
പ്പേരിന്നു ജീവനൊടു ഭൂപനുമാവസിച്ചു.

ധീവാപ്പിണങ്ങുമൊരു ഹൂണബലേശിതാവാം
ക്ലൈവാനവാബൊടൊടുവിൽപ്പടവെട്ടിയപ്പോൾ
ചാവാതെ ചത്തു ജളനോടിയൊളിച്ചു പവ്-
ജൈവാതൃകന്റെ വരവിൽത്തിമിരംകണക്കെ.

കൂട്ടംപിരിഞ്ഞു ബത! മുർഷിഡബാദിലുള്ള
കോട്ടയ്ക്കകത്തു ഗതികെട്ടു വിയർത്തു ഭൂപൻ,
വാട്ടം വളർന്നിനിയറപ്പുറനോക്കി രാമ-
നാട്ടത്തിലോട്ടമൊരു ഭീരുകണക്കു, പാഞ്ഞു.

ആണായതിന്നകമൊരുത്തനെയും തരത്തിൽ-
ക്കാണാതെ കാൽത്തുണയിലപ്പുരിവിട്ടു വീണ്ടും
പ്രാണാവസാനഭയമേറിന പാപി പാഞ്ഞു
ബാണാസനത്തെ വെടിയും ശരമെന്നപോലെ.

ആ രാജ്യമെങ്ങുമഭയം ലഭിയാതെയുള്ളിൽ
നൈരാശ്യമാർന്നു തളരുന്ന നവാബുതന്നെ
ക്രൂരാഹിയെഗ്ഗരുഡനെന്നവിധം കടന്നു
മീരാൻ പിടിച്ചു ഗളനാളമരിഞ്ഞുവിട്ടു.

മന്നിൽ ഫലം നരർ ഭുജിപ്പതു കൈയ്യുമേൽത്താ;–
നിന്നിപ്പൊഴിക്കലിയിൽ വിത്തുള്ളതിൽ ഫലിക്കും;
എന്നിത്തരം ജനതയോടറിയിക്കുവാൻ പോ–
ലന്നിഷ്ഠുരന്റെ കഥ നിഷ്ഠുരമായ്ക്കഴിഞ്ഞു.

അലഘുകുതുകമേന്തും പൌരരാനപ്പുറത്താ–
ക്ഖലന്റെ മൃതദേഹം തസ്കരൻ തൻശവംപോൽ
നലമൊടു കരയേററിസ്സഞ്ചരിപ്പിച്ചു; നാമാ–
ലലകിടുമിതിനെല്ലാം കേശവൻ താൻ പ്രമാണം."

——:o:——

## *൫. വിഷ്ണുമായ.

---

## മൂന്നാം സർഗ്ഗം.

---

പഴുതിൽപ്പുരദേശയാത്രപോകും
കഴുതയെയോർത്തു തിരിച്ചു കാന്തയോടും
മുഴുതിങ്കളണിഞ്ഞ മൂപ്പർ മാനം
മഴുവും ഭേസി നടന്നു മന്ദമന്ദം.

"ശരി! മുററമതിങ്കലുള്ള മുല്ല-
യെല്ലാരിടത്തും മണമി,ല്ലിയാളെയേട്ടൻ
കരിതേച്ചതു പററി"യെന്നു ശാതോ-
ദരിയോടൊന്നു ചിരിച്ചു ഗൌരി മന്ദം.

"ചതുരൻ സ്മരവൈരി പോലു,മെന്നോ!
കുതുകം! കാര്യം; ഒരാൾക്കു പേർകൊടുത്താൽ
ഇതുമട്ടുവരേണമസ്സലെന്നാ"-
യതുലാശ്ചര്യമൊടോർത്തു ഭൂതവൃന്ദം.

"വലിയോ മുനി നാരദൻ കടന്നെൻ
തൊലിയേഴും വെറുതേ രജിസ്റ്ററാക്കി;
അലിവില്ല ഹരിക്കതെല്ലു"മെന്നായ്-
ച്ചലിതാന്തർദ്ധൃതി ശങ്കരൻ നിനച്ചു.

---

* ഇതിന്റെ പൂർവ്വഭാഗം പന്തളത്തു കേരളവർമ്മ തമ്പുരാന്റെ കൃതിയാകുന്നു.

"പുതുമാതിരികാഴ്ചയെന്നുവച്ചാ-
ണിതു ഞാൻ കാണ്മതിന്നോർത്തതെ"ന്നു ദേവൻ
അതുനാൾച്ചെറുപൂച്ച പാൽകുടിക്കു-
ന്നതുപോൽ കൂട്ടരൊടോതി ലജ്ജയെന്യേ.

വിധുരത്വമൊട്ടും ഗൃഹത്തിലേക്കായ്
വിധുചൂഡൻ ബത! വെച്ചടിച്ചിടുമ്പോൾ
മധുരാകൃതി വാടിയൊന്നു കണ്ടാൻ
മധുവിൻ ദിഗ്ജയവൈജയന്തിപോലെ.

മിഴിയും മനവും പറിച്ചെടുപ്പാൻ
കഴിവോരമ്മലർവാടി കാമദേവൻ
വഴിമേൽ വിഷമാക്ഷനെജ്ജയിപ്പാൻ
വഴിപോൽവിട്ട വരാസ്ത്രമെന്നു തോന്നി.

പലമാതിരി തത്ര പുഷ്പവത്ത്വം
കലരും ശാഖികൾ തങ്ങളോടു നേരായ്
വിലസീടുകയാൽ നിജാംശുവന്യ-
സ്ഥലമെത്തിച്ചു വസിച്ചു സൂര്യചന്ദ്രർ.

തുലവിട്ടൊരു സദ്വസന്തയോഗം
കലരും ചാരുവനസ്ഥലിക്കുവേണ്ടി
അലസാതെ ലതാവയസ്യമാർ ന-
ന്മലർമഞ്ചത്തെ വിരിച്ചലങ്കരിച്ചു.

പല പൂക്കൾ നിരന്നുവീണു കോലാ-
ഹലമായ്ക്കൂടി നിറഞ്ഞുതാഴെയെങ്ങും
നിലവിട്ടു വിളങ്ങുമപ്രദേശം
മലരമ്പന്നൊഴമാവനാഴി തന്നെ.

“ഉണവാൻ മമ തോഴരെപ്പുറത്താ-
ക്കണമിക്കൺജയിലിങ്കൽനിന്നു”മെന്നായ്
ക്ഷണമോതി മൃഡനു ഭീതിനൽകീ
മണമേന്തും മലർമഞ്ജുമന്ദവായു.

ഒളിപൂണ്ടടിതൊട്ടു ശാഖയോളം
തളിരും പച്ചിലയും മലർന്ന താരും
കുളിർതെന്നലിലാടിടുന്ന വൃക്ഷാ-
വളിമേൽ വാണളി കാഹളംവിളിച്ചു.

അഴൽവിട്ടൊരു കാന്തയൊത്തു പൂന്തേൻ-
പുഴയിൽപോയ് ജലകേളി ചെയ്തു ഭൃംഗം
കുഴലും കരവും കുഴഞ്ഞനേരം
പിഴവിട്ടെത്തി ലതാഗൃഹത്തിനുള്ളിൽ.

നവപല്ലവസഭ്യ മൂകമൂട്ടെ-
ജ്ജ്വലമൊട്ടുണ്ടമരും വനപ്രിയങ്ങൾ
അവനപ്രിയനായ് വിളങ്ങുമീശ-
ന്നവതാളത്തെയനല്പമായണച്ചു.

കടലിന്മകൾതന്റെ രണ്ടുതൃക്കൺ-
കടയും തീറുകൊടുത്ത വൃക്ഷവാടി
കടകായിതനാഗനീശനത്യുൽ-
ക്കടകൌതുകഫലമേകി ലാലസിച്ചു.

ഛവിതൻ വിളഭ്രമിയായ് ലസിപ്പോ-
രവിടെ സ്ഥാണുവെഴാസ്സുകൊണ്ടശേഷം
കവിയൊല്ലൊരു ദൃഷ്ടിദോഷമെന്നോ-
ത്തവിതർക്കം ഹരനുള്ളിലേക്കണഞ്ഞു.

ഒളിയേന്തിന വാടിതന്നിലേറെ-
ത്തെളിവാൎന്നെത്തിടുമീശനെക്കറക്കാൻ
നളിനാസ്ത്രനറച്ചൊരിന്ദ്രജാല-
ക്കളികാണിച്ച കഥയ്ക്കു നാം കടക്കാം.

കടിലാളക,മക്കളിന്ദുഭ്രുവിൻ
പടി ലാവണ്യമെഴുന്ന കേശപാശം,
നിടിലാഭ,നിതാന്തമേവനാം ഹൃ-
ത്തടി ലാക്കററു വലഞ്ഞുപോം കപോലം,

മദനന്റെയഹന്ത കേളിയാട്ടം
സദനം കണ്ണിണ,കള്ളമുള്ള നോട്ടം,
കദനം പുതുമുല്ലമൊട്ടിനേകും
രദനത്തിൻനിര, രമ്യമല്പഹാസം,

അരുണാരുണകോമളാധരോഷ്ഠം,
തരുണാർത്തിപ്രദമായ ബാഹുയുഗ്മം,
ഉരുകാന്തികലൎന്ന മദ്ധ്യ,മോമൽ-
ത്തിരുനാഭിക്കുഴി, സുന്ദരോരുകാണ്ഡം,

അണിയായ്പ്പതിയെശ്ശിരസ്സിലാളും
മണിസാനുസമമനോജ്ഞശൃംഗയുഗ്മം
പണിയുന്നൊരു പട്ടുവെള്ളറൌക്കി-
ത്തുണിയാൽ മൂടിന പോർമുലക്കുടങ്ങൾ,

തളിർപോൽ മൃദുവായ്,ത്തടിത്തിനെപ്പോ-
ലൊളിപൂ,ണ്ടബ്ജമൊടൊത്തു ഗന്ധവത്തായ്,
വിളിപാരമിയന്നു കാൺകിൽ നേത്രം
കുളിരും കോമളമായ പൂവൽമേനി,

വള, യഡ്ഢിയൽ, കാപ്പ്, തോട, നൂൽ, കാൽ-
ത്തള, നാസാമണി, മോതിരങ്ങൾ, ഹാരം,
കളന്തൂപുര, മേവമാക്കുമൂലം ത്താ-
രിളകും ഭൂഷണപങ്ക്തി മേനിയെങ്ങും,

ഇതുമട്ടൊരു തയ്യലുല്ലസിക്ക-
ന്നതുക "ണ്ടെന്തിതു മായയോ കിനാവോ?
പുതുവിദ്യയജൻ പഠിച്ചുവോ?"യെ-
ന്നതുലാശ്ചര്യമൊടീശനമ്പരന്നു.

[കുളകം]

മലരിന്നകനുള്ള മാനവിത്തായ്
മലരമ്പന്നു മദം വളക്കുമമ്പായ്
മലമറ്റൊരു മഞ്ജുകാന്തികോലും
മലയൊക്കും മുലയാൾ വിളങ്ങി പാരം.

പ്രഥമതപമെഴും രസത്തിനേറും
പ്രഥതൻ സീമ പയോജ വക്ത്രവേഗാൽ
കഥനീയഗുണൻ കപർദ്ദിതന്നെ-
ക്കഥയില്ലാത്തവനാക്കുവാൻ മുതിർന്നാൾ.

നീലത്തഴക്കുഴലഴിഞ്ഞു, മുഖം വിയർത്തു,
ശീലത്തരം പകുതി തെന്നലടിച്ചു നീങ്ങി,
പാലത്തൽപൂണ്ടമൊഴി പന്തുകളിച്ചിടുന്ന
കോലത്തെ നോക്കി മൂഢനങ്ങനെ നിന്നുപോയി!

—:o:—

# നാലാം സർഗ്ഗം.

സീമന്തംമുതലടിയോളമപ്രകാരം
പ്രേമം മൂത്തടിമലർതൊട്ടു കുന്തലോളം
വാമഭ്രൂക്കളെള്ളാരു തന്നെ നോക്കി വാമദേവൻ;
കാമൻതൻരിപുവുമൊരാണുതന്നെയല്ലോ.

“ആരാരിക്കളമൊഴിയാരെ വേട്ടിരിപ്പോ-
ളാരാ,ലെന്തിവളുടെ ചാരുനാമധേയം?
ആരാമസ്ഥലമിതിൽ വാഴ്‌വതെ”,ന്നിതെല്ലാ-
മാരാഞ്ഞാനകതളിരാശപൂണ്ടിടുന്നു.

ഇത്തങ്കത്തളിരെതിർതയ്യലാൾ കടന്നെൻ-
ചിത്തത്തെച്ചിതമൊടു കൊള്ളയിട്ടുമൂലം
മത്തത്വം ബത മുഴുവൻ മറന്നഹോ! ഞാൻ
മത്തത്വം മരുവുമഗാരമായിതല്ലോ!

നീരാളം മുകിലെതിർകുന്തലാൾക്ക വായ്ക്കും
നീരാളത്തൊടു കിടപൂണ്ട മേനി പുല്കാൻ
ധാരാളം കൊതിയെഴുമെന്റെ മുന്നിൽ നിന്നാ-
മാരാരിപ്രഥ—മറയത്തു-പുല്ലു—പോട്ടേ!”

എന്നോർത്തൊന്നിളകിമറിഞ്ഞൊരുള്ളൊടീശൻ
തന്നോമൽക്കമനിയെ വിട്ടു തെല്ലു നീങ്ങി
കുന്നോടുംകുളുർകുചയാൾക്ക മുന്നിൽ മന്ദം
ചെന്നോരോ ചപലവചസ്സിവണ്ണമോതി.

"ബാലേ! നീ പറയണമേതൊരുത്തി?യെന്തി-
ക്കാലേ വന്നിവിടെ വസിപ്പതിന്നു ബന്ധം?
ചാലേ നിൻ ദ്യുതിയിൽ മദീയഹൃത്തു വെയ്‌ലിൽ
പ്രാലേയപ്പടിയുരുകുന്നു പാരമയ്യോ!

വിണ്ണോർതൻ പതി പുണരുന്ന തേവടിശ്ശി-
പ്പെണ്ണോ? പേർപെട്ടൊരു യക്ഷകന്യയോ നീ?
കണ്ണോടൊത്തകമലർ കട്ടിടുന്ന പാന്ഥ-
പ്പെണ്ണോ? മൽപരിണതപൂർവപുണ്യസത്തോ?

വണ്ടിന്നുൾത്തടമെരിയും കുഴൽക്കു,മക്കൈ-
ത്തണ്ടിന്നും, തളിർ പണിയുന്ന തങ്കമെയ്ക്കും,
ചുണ്ടിന്നും, ചുമലിനു,മീയുരോജകുംഭം
രണ്ടിന്നും, രമണി! രസത്തിൽ ഞാൻ തൊഴുന്നേൻ.

ലാളിത്യക്കളർമൊഴി! നിൻെറ തൃക്കടക്കൺ-
കാളിന്ദീനദിയിലെനിക്കു കേളിയാടാൻ
നാളില്ലെന്നജനെഴുതീടിലെന്നെയിന്നേ
വാളിൻമട്ടെഴുമളകത്തിനാൽ വധിക്കൂ.

നീയിന്നെൻ നയനപഥത്തിലെത്തി; മേലിൽ
തീയിൽപ്പോയ്പ്പുറകിലുമുണ്ടു കൂടവേ ഞാൻ;
സ്ഥായിക്കൊന്നറിയുക; താരിളങ്കുളത്തേൻ
വായിൽപ്പോയ്‌വഴിയുകിലേതു വിഡ്ഢി തുപ്പും?"

അത്തൽപ്പെട്ടവനിതുരയ്ക്കവേ കടാക്ഷം
പത്തഞ്ഞൂറൊരു ഞൊടികൊണ്ടെറിഞ്ഞു മന്ദം
പുത്തൻപൂമൃദുഹസിതം പൊഴിച്ചു നല്ലാർ-
മുത്തൻപിൽപ്പുരികമിളക്കിയേവമോതി.

“ഇല്ലാരും പതി മമ, കൈയിൽവേണ്ട കാശും
ചൊല്ലാളും തനതുരുചിയും കലർന്നവങ്കൽ
ചെല്ലാനായ്ത്തുനിവൊരു വേശഗേഹമാളും
നല്ലാരെന്നറിയുക നന്ദിപൂണ്ടു നമ്മെ.

തെല്ലും നീ മുഷിയരുതൊന്നു ഞാൻ പത്തുകെ—
ച്ചൊല്ലുന്നേൻ; ഗുണമൊരു ലേശവും പെടാതെ
കൊല്ലുന്നുണ്ടലർശരനെന്നുവച്ചു മാത്രം
പുല്ലുംപോയൊരുവനെ വേട്ട കേൾവിയുണ്ടോ?

നീ വന്നെന്നപവനസീമ്നി നിന്നുകൊണ്ടി—
ന്നീവണ്ണം മമ തനു പുൽകവാൻ കൊതിച്ചാൽ
ദൈവത്തിന്നതു ശരിയെന്നു തോന്നുമെന്നോ
ഭാവം? നിൻ കഥ ബഹുജാതി! ഞാൻ കഥിക്കാം.

ആനത്തോ,ലരവു,കപാല,മസ്ഥി,ചാരം
മാ,നബ്ജൻ, വിഷ,മനലൻ, കപാല,മംബു:—
മാനംവിട്ടിവയണിയുന്ന നിന്നെ നോക്കി—
സ്സ്നാനംചെയ്തിടുകിലുമില്ല നേത്രശുദ്ധി.

പയ്യാറാൻ തെരുവഴി തെണ്ടണം; കിടപ്പാൻ
തയ്യാറായ്ച്ചുടലയിലെത്തണം തരത്തിൽ ;
മെയ്യാളും മലമകളോടു മല്ലിടേണം:—
നിയ്യാരെന്നിവളെയിതിന്നു നിർണ്ണയിച്ചു?

കോളല്ലിക്കനൽമിഴിയുള്ള നെററി തൊട്ടാൽ
താളുംതെററിട്ടു,മുടൽ പൂണ്ടുകൊള്ളുവാൻ ഞാൻ
ആള,ല്ലീയരവുകൾ കൊത്തിടും; കഴുത്തിൽ
ക്ഷ്വേളംകൊണ്ടൊരുലവമുമ്മവയ്ക്കുവയ്യാ.”

എന്നോത്തും മതിമുഖിയെത്തടുത്തു വീണ്ടും
വന്നോരുൾക്കൊതിയൊടു വാമദേവനോതി:
“എന്നോമൽക്കമനി! വിരൂപനാണുപോൽ ഞാ-
നന്നോ നിന്മതം? ഇതു നല്ല കൃത്യതന്നെ!”

ഏവം ചൊന്നുടനണിയാടയൊക്കെ മാററി-
ദ്ദേവൻതൻ തിരുവുടലുല്ലസിച്ച നേരം
ലാവണ്യക്കടലിന്റെ കോളിളക്കമാകും
പൂവമ്പൻ പുനരപി ജാതനെന്നു തോന്നി.

തങ്കത്താർദലമിഴി കൈകൾകൊണ്ടു തെല്ല-
ക്കൊങ്കപ്പന്തുകളെ മറച്ചു റൌക്കി നീക്കി
തിങ്കൾപ്പൂഹസിതവിലാസമാർന്ന ശർവൻ
തങ്കൽത്തന്നകമലർ ചേർന്നതായ്ക്കഥിച്ചാൾ.

ശങ്കപ്പെട്ടിടുവതിനില്ല ഹേതുവെന്നാ-
വങ്കത്തം പെടുമൂഢപാങ്കനോത്തമന്ദം
തങ്കപ്പോർമലയെതിർകൊങ്കയാൾക്കു വായ്ക്കും
പൊൻകപ്പം തരുമൊരു പൂവൽമേനി പൂണ്ടാൻ.

ലാവണ്യപ്പൊലിമ നിനച്ചകത്തുവായ്ക്കും
ഭാവംപോയ് ശിവ! ശിവ! പാവമാകയായ് ഞാൻ!
ദൈവത്തിൻവിലസിതമെത്ര ചിത്ര’മെന്നോ-
ർത്താവൻഭൂധരസുതയമ്പരന്നു പാരം.

സ്ഥാണുശ്രീതനു മുഴുവൻ തനിക്കു തീറായ്-
ക്കാണുംമട്ടകമലരിങ്കൽ നാണമേറി
ചേണേറോരചലതനൂജയപ്പുനെപ്പോൽ
വേണംമട്ടചലതപൂണ്ടു തത്ര നിന്നാൾ.

National Library

അത്തയ്യൽക്കൊടിയുടെയംഗസംഗമംകൊ-
ണ്ടത്തൽപ്പാടഖിലമനംഗജിത്തു തീർക്കെ
പുത്തൻപൂമധുവെതിർവാണിയാൾക്ക ചെല്ല-
ത്തൂത്തങ്കക്കുടമൊരു പുത്രനുത്ഭവിച്ചു.

അരിവയററവൾ പെററ കുഞ്ഞിനെക്ക-
ണ്ടരിയൊരു ശംഭ്രമനം കുളുത്തിടുമ്പോൾ
അരിഗദകളണിഞ്ഞ വിഷ്ണുവിൻമെ-
യ്യരികിൽ വിളങ്ങി;മറഞ്ഞു വിഷ്ണുമായ.

തൻകള്ളപ്പണി കാലഭിത്തൊടരുളി-
ക്കാത്ത്യായനിക്കായ് ഗതാ-
തങ്കം പുത്രനെ നല്കി വിഷ്ണു മറയു-
ന്നേരത്തു മാരാരിയും
തങ്കൽക്കൂറിയലും തന്തുഭവനു പേ-
രയ്യപ്പനെന്നിട്ടു തൻ-
തങ്കത്താർമിഴിയോടുമഗ്ഗണമൊട്ടും
കൈലാസമെത്തീടിനാൻ.

——(൦)——

## ൩. ദേവകി. *

---

### ഒന്നാം സർഗ്ഗം.

---

അല്ലിന്നും സുരപുരി പെററുപോററുമേതോ–
കൊച്ചിബ്ഭൂവലയമലങ്കരിച്ചപോലെ
പിച്ചിത്താരെതിർപുകളിന്നു ക്രത്തരങ്ങാം
“കൊച്ചി”പ്പേരെഴുമൊരു നാടമർന്നിടുന്നു.

ഛിന്നാർത്തിച്ചുവടു മുറിച്ചു ശക്തനെന്നാ–
യെന്നാളും ജനത പുകഴ്ത്തുമൂഴിപാലൻ
മുന്നാളിൽ പൃഥുവിനൊടൊത്ത കീർത്തിപൊങ്ങി–
ച്ചുന്നാട്ടിന്നധിപപദത്തെയാണ്ടിരുന്നു.

കള്ളംവിട്ടവനെതിരററ നൽപ്പുകഴ്പ്പൂ–
വെള്ളപ്പട്ടിളയിൽ വിരിച്ചു വാണകാലം
ഉള്ളത്തിൽ പ്രിയനുടെ മാറിടം വെറുത്തോ
വെള്ളത്താർമകൾ വിളയാടി വീടുതോറും?

കൈക്കാണം, കളവു, കടുത്തകൈ, യിടത്തു,–
ട്ടിക്കാണും വിനകളൊ,ടുള്ള മുദ്രയെല്ലാം
വെയ്ക്കാനും വിരവൊടു മാറിടാനുമൊന്നി–
ച്ചക്കാശപ്രതിഭടകീർത്തിയാജ്ഞ നൽകി.

---

* ഇതിന്റെ ഉത്തരഭാഗം പന്തളത്തു കേരളവർമ്മതമ്പുരാന്റെ കൃതിയാകുന്നു.

മാടമ്പിത്തലവർകണക്കു കപ്പമണ്ണാം
മാടത്തിന്നകമടിവോരെയും പുലത്തി
മാടക്ഷ്മാഭിധകലരുന്ന മങ്കയാൾതൻ
മാടപ്പോർമുലയുടെ ഭാഗ്യമുല്ലസിച്ചു.

ചോരന്മാരുടെ പൊടിക്കൂടിയില്ലൊരേട-
ത്താരമ്യക്ഷിതിയിലശേഷമാകമൂലം
ചോരത്തിൻകതകുകൾ ശീതബാധമാത്രം
പൌരക്കപ്പൊഴുതിലകററി വേണ്ടിവന്നാൽ.

ചേട്ടത്തം ചെറുതുമെഴാസ്സുകൊണ്ടു വക്കീൽ-
ക്കൂട്ടത്തിൻ കൊടിയൊരു പേനതന്റെ തുമ്പിൽ
ആട്ടക്കോപ്പുകളിൽ മുഴട്ടിനങ്ങളിൽപോൽ
കോട്ടംവിട്ടൊരുവക വൻതുരുമ്പുമേറി.

അന്നാട്ടിന്നരചമണിക്കുമെട്ടിനത്തിൽ-
ത്തന്നാമം തരമൊടു പററിടുന്നമൂലം
നിന്നാളും ത്രപ നിറയും നൃപാരിജാതം
ഖിന്നാന്തഃകരണമൊടാത്മഹത്യ ചെയ്തു.

ആണ്ടാമന്നൃപനുടെ കോപവഹ്നിയല്പം
കാണാകുന്നളവു വയസ്യനെത്തുണപ്പാൻ
ചേണാർന്നൾക്കൊതിയൊടു വൈരിമെയ്യിൽനിന്നും
പ്രാണാഖ്യശ്വാസനനുടൻ വെളിക്കു ചാടും.

കാലൻചിൽത്തൊഴുതു കരത്തെ നൽകിടുന്നോ-
ക്കാലംബത്തിൻ കരമേകി വേണ്ടു മട്ടിൽ
കാലൻപോൽ കളവുകൾകാട്ടിടുന്നവർക്ക-
ക്കാലം ഭൂവലരിപു കാത്തു മാടരാജ്യം.

ആമട്ടക്ഷിതിവലയം നൃപാലനഭ്രം
സോമൻപോൽസുരുചിരമാണ്ടിടുന്നകാലം
കാമത്തിൻകശപിശ കാട്ടിടും ഫലത്തെ-
ക്കാമംചൊൽവൊരു കഥ കശ്മമായ് നടന്നു.

പൂരത്തിൻപുക,ളുമപൂണ്ട പുണ്യലക്ഷ്മീ-
പൂരത്തിൻപുത്തമപുലന്ന പൂതഗേഹം,
പൂരമ്യാകൃതി മടവായു,മൊത്തൊരോമൽ-
പ്പൂ,രമ്പിൽ 'ശിവപുര'മുണ്ടു കൊച്ചിനാട്ടിൽ.

ഏടത്താർശരനുടെ രാജധാനി തോൽക്കും
മാടക്ഷ്മാമരതകരത്നമപ്പുരത്തിൽ
കേടററുള്ളൊരുഗൃഹ,മോമനപ്പുരുത്തി-
ക്കാടിൻപിൽ കമനികൾചേൻ ലാലസിച്ചു.

പൂന്തിങ്കൾക്കെതിർമുഖി ചാരു 'ദേവകി'പ്പേ-
രേന്തിക്കൊണ്ടൊരുവധുവഗ്ഗൃഹത്തിനുള്ളിൽ
കാന്തിപ്പാൽക്കടലിനു വേലിയേററമായും
വാൻതിങ്കൾ പ്രകാശം വിളയിച്ചുമുല്ലസിച്ചു.

തങ്കത്താമരമലർ തട്ടുകൊള്ളുമാസ്യം;
തങ്കത്താൽപ്പണിതു കടഞ്ഞെടുത്ത മേനി;
തങ്കൽത്താൻ തരുണിമ പൂണ്ടു ചേർച്ചു; ശവൻ-
തങ്കൽത്താണടിപണിയുന്ന ചിത്തരംഗം;

കോടക്കാറെതിർനിറമൊത്ത കുന്തൽ; തങ്ക-
ത്തോടയ്ക്കുള്ളഴകുവളത്തിടുന്ന കണ്ണം;
മാടപ്പോർകരുതിന കൊങ്ക; കാട്ടിളമ്മാൻ-
പേടക്കൺ; പെരുമ പുലന്നിടും നിതംബം,

നാട്ടാർതൻ രസനകൊതിച്ച ചുണ്ടു; കാട്ടിൻ-
പാട്ടാളിക്കകമെരിയും കടിപ്രദേശം;
കാട്ടാനയ്ക്കെതിർ നട; ദിഗ്ജയധ്വജാഗ്ര്യം
നാട്ടാനായ് നളിനശരൻ കുഴിച്ച നാഭി;

ഈ മട്ടിൽപ്പുതുവടിവേന്തി മിന്നിടുന്നോ-
രോമൽപ്പൂമധുമൊഴിയാൾക്കു കച്ച നൽകി
കാമംപോൽ കണവനിലയ്ക്കു കാത്തതന്നാൾ
സോമൻ ചുററിട്ടുമൊരു വിപ്രനായിരുന്നു.

രണ്ടാണെങ്കിലുമവർ ജാതികൊണ്ടു, തമ്മിൽ-
ത്തണ്ടാരും കതിരവനും കണക്കിണങ്ങി
കണ്ടാരും കരൾ കുളിരുംപടിയ്ക്കു വാഴ്ത്തി-
ക്കൊണ്ടാട്ടും പ്രണയമൊടൊത്തു കൂടി വാണു.

അമ്മാവൻ കൊടിയ പടയ്ക്കു,മുള്ളതെല്ലാം
സമ്മാനിപ്പൊരു പതിതൻെറ നാട്ടിലേയ്ക്കും
അമ്മാ! പോയളവൊരുനാൾ ഗൃഹത്തിൽ വാഴ്‌വാ-
നമ്മാൻനേർമിഴിയുമൊരമ്മയും തനിച്ചു.

കൽക്കണ്ടപ്പുതുമൊഴിയാൾ തനിച്ച കാല-
ത്തക്കഗ്ര്യപ്രഭകലരും പുരത്തിനുള്ളിൽ
കൈക്കററം കവിയുമൊരൂക്കിനാലുയർന്നോ-
രിക്കണ്ണൻ ഭടകുലനാഥനായ്‌വസിച്ചു.

ചൊന്നാലക്ഖലനൊരു കാമിയാണു; പിന്നെ-
ച്ചെന്നായും തൊഴുമൊരു ദൌഷ്ട്യമുണ്ടു താനും;
എന്നാലെന്തവനെതിരററ കൈമിടുക്കാ-
ലന്നാളന്നൃപനൊരു കണ്ണിലുണ്ണിയായി.

തന്നോളം തിറമൊരുവന്നുമില്ലതിന്ന–
ട്ടന്നോടന്നടർപൊരുതുന്നൊരപ്പമാനെ
പൊന്നോമൽക്ഷിതിപതിയിന്നു നമ്മൾ പൊല്ലീ–
സ്സന്നോതും തുറയുടെ നാഥനാക്കിവച്ചു.

കൂട്ടംനേർന്നിറവൊരു സെഷ്യനും മജിസ്ട്രേററ്–
ക്കോട്ടും നാമറിയുവതിപ്പൊൾ മാത്രമല്ലൊ;
ഈവട്ടറേറാക്കവരുടെ പോക്കപോലെ കാട്ടും
മേട്ടും ചെയ്‌വതിനൊരു തക്കമെന്നിരുന്നു.

ഇക്കണ്ണൻ വരുമിനിയെന്നുരച്ചുമാത്രം
മയ്ക്കണ്ണാൾമണികൾ കിടാങ്ങളെക്കിടത്തി;
അക്കന്നൻനടയൊരുവാർത്ത ഗർമാളും
കൽക്കണ്ടപ്പുതുമൊഴിമാർ ശ്രവിച്ചതില്ല.

തെല്ലാരാനൊരുവക തെററുചെയ്കിൽ വെട്ടി–
ക്കൊല്ലാനും വസതി കുളംകുഴിക്കുവാനും
അല്ലാതൊന്നരുളുകയി,ല്ലവന്നു മുന്നിൽ
ച്ചൊല്ലാളും മലയുമൊരാലിലയ്ക്കു തുല്യം.

അന്നാട്ടിൽക്കൊലമരമൊന്നുതന്നെനോക്കി–
ച്ചെന്നാടൽപ്പെട്ടമൊരു കാലകിങ്കരക്കായ്
എന്നാളും പെരുകിന കാൽകഴപ്പു തീരാ–
നന്നാരാൽപ്പലതരമെണ്ണവച്ചു മന്ത്രർ.

അക്കാലത്തൊരുവക മോഷണം തെളിപ്പാൻ
മുക്കാലിത്തടിമുതലുള്ള യന്ത്രമോട്ടും
ധിക്കാരത്തിന നിധി കാലരുദ്രനോടായ്
വക്കാണിപ്പൊരു മിഴി വട്ടമിട്ടിറങ്ങി.

കാട്ടിൽപ്പെടുന്ന കടുവാത്തലവൻ കടന്നൊ-
രാട്ടിന്റെയാലയിലണഞ്ഞലറുന്നപോലെ
പാട്ടിൽപ്പയോജമിഴിമാർ മരുവും പരുത്തി-
ക്കാട്ടിൽഗ്ഗമിച്ചു കതകിന്നു വിളിച്ചു യോധൻ.

നല്ലോലുംപടി മുന്നിലെത്തിയൊരിള-
ന്തേന്മാമ്പൂത്തുപ്പൂങ്കുല-
പ്പൊൽപ്പോർകൊങ്കകൾ പേറിടുന്ന സതിയാ-
മദ്ദേവകിത്തയ്യലാൾ
"പൊയ്യോയ് പോരിന്ന ഹന്ത! കാരണവരി-
ങ്ങി"ല്ലെന്നു ചൊല്ലുന്ന വാ-
ക്കപ്പോളക്കടിലന്നു കാതിലമൃത-
പ്പൂമാരി വർഷിച്ചുതേ.

———(o)———

# രണ്ടാം സൎഗ്ഗം.

അരിയൊരഴകു ചിന്നിമിന്നിടുന്നോ-
രരിവയർമാലികയാളെയത്തരത്തിൽ
അരികിലൊരുകണക്കു കണ്ടനേര-
ത്തരിയമന്നനന്നൊരവസ്ഥയെന്തുരയ്പൂ?

മതിമുഖിയുടെ മഞ്ജുമേനിയാകും
കതിരവനുള്ളൊരൊളികതിക്കലങ്ങും
എതിരിൽ വിലസിടുന്നതൊന്നു കണ്ടു-
കൊതിയനു കണ്ണിണ മഞ്ഞളിച്ചുപോയി.

മിഴിയിമയിളകാതെ, നാക്കുയൎത്താൻ
കഴിവുപെടാതെ, പൊളിച്ചവായടപ്പാൻ
വഴി ചെറുതറിയാതെ, മന്ത്രവാദ-
ത്തൊഴിലിൽ മയങ്ങിയപോലെ നിന്നു കാമി.

അലർശരകഥ കൊത്തുവാൻ കരിങ്കൽ-
പ്പലകകുഴിച്ചു നിറുത്തിവച്ചപോലെ
ചലമിഴിയുടെ മുന്നിൽ നിന്നനില്പിൽ
ഖലമതി ലേശമനങ്ങിടാതെ നിന്നു.

അതിനുടെ പൊരുളും കണ്ടിടാതെകണ്ടാ-
ക്കൊതിയനെ വിട്ടു തിരിച്ചകത്തുപോകാൻ
മതിമുഖി കഴൽപൊക്കി; തേവിടിശ്ശി-
പ്പതിവവളും പണ്ടു പഠിച്ചതല്ലയല്ലോ.

വെളിയിലെവിടെയോ ഗമിച്ച ജീവൻ
തെളിവൊടു വീണ്ടുമകത്തണഞ്ഞപോലെ
വിളിയെഴുമവനൊന്നുണർന്നു വേഗാൽ
കിളിമൊഴിയാളൊടു വാക്യമേവമോതി.

"മതിയെതിർപുകൾവായ്പുകൊണ്ടു വാനിൻ
മതിലിനു വെങ്കളിയിട്ട മങ്കയാളേ!
മതിമതികളണിഞ്ഞ മൌലിമുത്തേ!
മതി മതി നിൻചതി; നെഞ്ചകം തകർന്നു.

ഒരുകളവു തെളിപ്പതിന്നു വേണ്ടും
കരുവൊടുമിങ്ങു കടന്നൊരെന്റെയുള്ളം
തരുണി! യെളുതിൽ നീ ഹരിച്ചുവല്ലോ;
വിരുതു വെടിപ്പിതു വേണ്ടമട്ടിലായി.

വനജനയനമാർക്കെഴും കടക്കൺ-
മുനയുമിവന്നൊരു പുല്ലുമൊന്നുപോലെ;
കനലിനു കുളിർവന്നു; പേയുമിപ്പോൾ
പനസഫലാധരി! കാളിയെപ്പിടിച്ചു.

അതിനൊരു ചെറുശിക്ഷ നൽകിടാഞ്ഞാൽ
മതിമുഖി! ഞാനൊരു മന്ത്രിയാകയില്ല;
ചതിയുടെ പിഴയായ് ക്ഷണത്തിൽ നൽകു
പുതിയൊരു നിൻമധുരാധരാമൃതത്തെ.

ചലമിഴി! യിതിനെന്നൊടീർഷ്യയേതും
കലരരു, തായതുവേണമെന്നിരുന്നാൽ
മലയെതിർമുല നിന്റെ മാറിൽ നിത്യം
മലർമകനുള്ള വലത്തുകൈയൊടാട്ടെ!

മറുതലയുടെ വായിൽ മണ്ണടിപ്പാൻ
ചെറുതൊരു ക്രുസലെഴാത്തൊരെന്നെയീശൻ
വെറുമലർകണയാമൊരാൾക്കു വെൽവാൻ
നിറുകയിൽ മുമ്പു വരച്ചുവിട്ടിരിക്കാം।

കളി പറയുകയല്ല, നെററിയെന്തേ
ചുളിവ,തിനിന്നൊരു ചുക്കമില്ലയല്ലോ।
ഒ* *തിയുടെ സത്തു പഞ്ചവണ്ണ-
കിളിമൊഴി! നീയറിയാത്തതല്ല താനും.

അടവൊരുപടിയൊന്നുമെൻറ തങ്ക-
ക്കുടമിതിനെന്നൊടെടുത്തിടേണ്ടതില്ല;
സ്ഫുടമരുളുക വേണ്ടതിന്നതെന്നാ,-
യുടനൊരുടമ്പടിതന്നെ മുമ്പിലാട്ടെ.

തടവതിനൊരുവൻ വരില്ല; പക്ഷേ
പുടമുറി നൽകിയ "പട്ടർ"കേറിവന്നാൽ
ഉടനവനുടെ മാറിടത്തിൽനിന്നും
കുടർമണിമാല പറിച്ചെടുത്തുകൊള്ളാം!

തുകപറവതിൽ നൂറിരട്ടി നൽകാം
പകരമൊരുത്തരമെന്തുരപ്പു"തെന്നായ്
ശുകമൊഴിയൊടു ശുഢപിച്ചനെപ്പോൾ
വകതിരിവറെറാരു വങ്കനോതി വാക്യം.

പടുതരമിടിയൊച്ചകേട്ടു പേടി-
പ്പെട്ടുമൊരു പന്നഗിപോൽപ്പിടച്ചു പാരം
മടുമലർമിഴിയുള്ളിടിഞ്ഞു വാടി-
ക്കിടുകിടെ ഞെട്ടിവിറച്ചിവണ്ണമോതി.

"ഹരി! ഹരി! കഥയെ,ന്തിതെന്തുവാക്കാ-
ണരിയ ഭവാനിവളോടുരച്ചതിപ്പോൾ?
പെരിയ നൃപതിമന്ത്രിയെങ്ങു? പീറ-
ദ്ദുരിതമിതെ?ങ്ങൊരു ചേർച്ച തമ്മിൽ വേണ്ടേ?

ഇളയണിയുമനന്തകാന്തികോലും
ഗളമണി ശക്തനൃപൻെറ കൊച്ചിനാട്ടിൽ
കളവുകൾ കലരാതെ വാച്ചുകേറും
വിളവിനു പാഴ്പ്പുഴ വേലിതന്നെയായോ?

അതിനിടവരുവാൻ ഞെരുക്ക,മോമൽ-
ക്ഷിതിപതിതന്നുടെ മന്ത്രിവര്യനിപ്പോൾ
സതിയിവളിലെഴുന്ന സച്ചരിത്ര-
സ്ഥിതി ചെറുതൊന്നു പരീക്ഷചെയ്യതാവാം.

ഇവളുടെ ചരിതത്തിനൊന്നുകൊണ്ടും
ലവമൊരുദോഷമിതേവരയ്ക്കുമില്ല;
നൃവരകരബലം ജയിച്ചിടട്ടേ!
തവ സചിവോത്തമ! നന്മയും വരട്ടെ!!

അടിമലർ പണിയുന്നു"വെന്നു പൊണ്ണ-
ത്തടിയനൊടമ്മടവാരുരച്ചനേരം
"എടി! വലിയമിടുക്കിതന്നെ നീ; നിൻ
കുടിലത വിസ്മയ!"മെന്നു ദുഷ്ടനോതി.

"ഉടമയൊടിഹ ഞാനെടുത്തുകാട്ടും
കുടലു നിനക്കൊരു കൊച്ചുവാഴനാരോ?
പിടമൃഗമിഴി! വീണവായനയ്ക്കോ
തുടരുവതിങ്ങനെ ഞാൻ മുതിപ്പെടുമ്പോൾ?

മതി മതി കളവൊക്കെ,രക്തമാണെൻ–
മതിയിതുനേര,മിനിക്കുറെക്കഴിഞ്ഞാൽ
ചതിപറയുകയല്ല കേൾക്ക നീയാ–
സ്ഥിതിയെ വരിപ്പതു ഖഡ്ഗമാകുമല്ലോ.

അതിനുടനിടയാക്കിയാൽ നിനക്കെൻ
സതി! ചുടലപ്പിണമായ്ക്ഷണം കളിക്കാം;
അതിനിവനപരാധിയല്ലതാനും;
മതിമുഖി! വേണ്ടതുറച്ചുകൊൾക വേഗം.

കുലവധുവുമിവന്നൊരേത്തവാഴ–
ക്കുലയുമെതിർക്കിലൊന്നുപോലെതന്നെ;
കുലയുടെകഥയോർക്കിലെൻ്റെ ചിത്തം
കുലഗിരിതന്നെ; കുലുങ്ങുകില്ല ലേശം.

ലതയെതിർമൃദുഗാത്രി! നാളെയും ഞാൻ
കതകിനു മുട്ടുവനന്തിയാകി,ലപ്പോൾ
ചിതമൊടിവനെയോ നിനക്കിതംപോൽ
ചിതയിൽ വിളങ്ങിന തീയെയോ വരിക്കാം.”

അവനരിശമൊടേവമോതി വേഗാ–
ലവശതയാർന്നവിടത്തിൽനിന്നു പോയാൻ;
അവളുമബലയാം തനിക്കുട്ടത്തോ–
രവമതിയോർത്തതിമാത്രമാർത്തയായാൾ.

കരിയെതിർനിറവും കൊടുംകനൽത്തീ–
പ്പൊരി പതറും മിഴിയും കടുത്തൊരുള്ളും
പരിഘമടിപണിഞ്ഞ കൈയുമൊത്തോ–
രരിയെ നിനച്ചവളമ്പരന്നു പാരം.

പാലഞ്ചുംമൊഴി പാരുതൊട്ടു നിടില-
  പ്പൊട്ടായ ശക്തക്ഷമാ-
പാലൻ നല്ലതരത്തിനന്നരികിലായ്
  തൃശ്ശൂരിലുണ്ടാകയാൽ
മാലപ്പാർത്ഥിവമൌലിമുത്തറിയുമാ-
  റാകട്ടെ; മറ്റൊക്കെയും
കാലംപോലെ വരട്ടെയെന്നു കരുതീ-
  ട്ടങ്ങോട്ടു ചെന്നീടിനാം.

——:o:——

## ൪. പത്മിനി *

## മൂന്നാം സർഗ്ഗം.

ജേലിന്നകം ജയപുരേശനെയുള്ളിനേററം
മാലിന്ന്യമാർന്നൊരു മഹമ്മദനിട്ടുപൂട്ടി
സാഗൂലിച്ചു തള്ളലൊടു പുഞ്ചിരിപൂണ്ടു കാൽമേൽ-
ക്കാലിട്ടു താടിതടവിത്തലപൊക്കി വാണു.

കാട്ടിന്നകം ശകുനി തള്ളിന ഭീമനെന്നോ
കൂട്ടിൽ കുടുങ്ങി നെറികെട്ടൊരു സിംഹമെന്നോ
നാട്ടിങ്കലുള്ളവർ നിനപ്പൊരു 'ഭീമസിംഹ'
രാട്ടിന്റെ കാലഗതി രാഘവ! രാമരാമ!!

നേരററ മട്ടു ബലി വാണു,മിരുട്ടു,താഴ്ച-
യീരണ്ടുമാർന്നു,മഹിലോകമൊടൊപ്പമപ്പോൾ
പാരം ലസിച്ച ജയിലിൽപ്പവനാശനനതാ-
മാരമ്യനാം നൃപനു വന്നതിലെന്തു ചിത്രം?

സാമന്തഭൂപതികളും വിധിതൻ നിയോഗാൽ
സീമന്തിനീമകുടമാലിക കാന്തയാളും
ഓമൽക്കുലത്തിനു പിതാവിനനന്തം കരങ്ങ-
ള്ളാമന്നവന്നരികിലപ്പൊളണച്ചതില്ല.

---

* ഇതിന്റെ പൂർവ്വഭാഗം പന്തളത്തു കേരളവർമ്മ തമ്പുരാന്റെ കൃതിയാകുന്നു.

വന്തിന്മ കീഴ്പ്പിറവിയിങ്കൽ വിതച്ച തങ്ങ-
ളെന്തിന്നു പാഴിൽ മരുവുന്നു മേലിലെന്നായ്
ചിന്തിച്ചു ഭൂപമിഴികൾക്കുരുകുന്നൊരുള്ളം
പന്തിക്കു ബാഷ്പതനു പൂണ്ടു വെളിക്കു ചാടി.

ആമട്ടു ബന്ദിയൊടു ദുർവ്വിധി പോരിടുമ്പോ-
ളീമന്നനെൻ കണകളെശ്ശിരസാ വഹിപ്പാൻ
രോമം വളർത്തിടരുതോ ചെറുതെന്നു തോന്നി-
ക്കാമൻ തുരുഷ്കനൃപനോടടരിന്നണഞ്ഞു.

"താനമ്പിലിദ്ധരയിലേതിനെയാശ്രയിച്ചോ
ഞാനമ്മരം പിഴുതുമാററിന മുല്ലവള്ളി
മാനത്തിൽ നീർ,നിഴ,ലിവററയിലാശയററാൽ
വേനൽക്കൊടുംകനലിൽ വെന്തുകരിഞ്ഞുപോട്ടെ."

എന്നോർത്തൊരിത്തിരി ഞെളിഞ്ഞു കഴുത്തുയർത്തി
മന്നോർക്കു മന്മനകമേ കുടിവച്ച ധൈര്യം
കുന്നോടെതിർത്തകചയാളൊടുകൂടി വാഴ്വാൻ
വന്നോരു ശങ്കയിൽ വലഞ്ഞവിടം വെടിഞ്ഞു.

പഞ്ചാസ്യനാകമഹിതൻ രദനങ്ങൾ തോററ
പഞ്ചായുധപ്രഭ വിടും കണകൾക്കു ലാക്കായ്
പഞ്ചാസ്യവിക്രമനവൻ പകലോടു രാവാ-
പ്പഞ്ചാമൃതാധരിയെയോർത്തു പരുങ്ങി പാരം.

മല്ലാസ്ത്രനെന്ന ഭുവനത്രയചക്രവർത്തി
കൊല്ലാക്കൊലയ്ക്കു കുറിയാക്കിയ ദുഷ്ടഭൂപൻ
നല്ലാരിൽമൗലിമണി പത്മിനി കാണ്മതിന്നായ്-
ച്ചൊല്ലാവതെന്തു? — കുറിയൊന്നു കൊടുത്തയച്ചു.

"സാരംഗശാബമിഴി! നിൻ ചൊടി, യെൻരസജ്ഞ,-
യീരണ്ടിനും നടുവിൽ വീണൊരു ദർപ്പണത്തെ
പാരം വെളിക്കൊളിയുമുള്ളിനു കട്ടിയും നിൻ-
ചാരത്തുനിന്നു വശമാക്കിയപോലെ കണ്ടേൻ.

ചേണാർന്ന നിൻെറ പുതുമെയ്യൊളികണ്ടിടുമ്പോ-
ളേണാക്ഷിമാർ തരുണരാവതിനായ് കൊതിക്കെ
ആണാകുവോർ പൊറുതികെട്ടു നപുംസകത്വ-
മാണാഗ്രഹിപ്പതലരമ്പനെഴുന്ന വമ്പേ!

പാരായതിൽപ്പരമദുർല്ലഭമാം പദാർത്ഥ-
മാരാൽ തനിച്ചനുഭവിച്ചൊരനഘംനിമിത്തം
കാരാഗൃഹാന്ധതമസത്തിൽ വസിച്ചിടുന്നു
പേരാർന്ന നിൻ പ്രിയ, നതിന്നിവനെന്തുവേണം?

ആ വങ്കനല്ല. കഥ തീർക്കുകിലെന്തു ലാഭം?
നീ വൻപുവിട്ടടനുടന്തടിയേറിയാലും
ഈ വന്ന മാലിവനണച്ചൊരനംഗനായ
പൂവമ്പനെപ്പിടികിടയ്ക്കുകയില്ലയല്ലോ!

സത്യത്തിലർത്ഥമിയലാപ്പദമായ പാതി-
വ്രത്യം നിനക്കൊരൊളിപൂണ്ട യുവാവിനെക്കാം
രത്യർത്ഥമൊത്തിടുകിലൊത്തുവരട്ടെ; നിൻെറ-
യത്യന്തമുഗ്ദ്ധതയിലത്ഭുതമാർന്നിടുന്നേൻ.

മക്കത്തുപോകുമൊരു 'ഹാജി'യെയും മയക്കും
മൈക്കണ്ണി! യിത്തരുണപാതിവ്രതാധാരി
അക്കണ്ണടിയ്ക്കടിമയായതിലെന്തു ചിത്രം?
ചക്കപ്പുഴക്കൊതിയെ വിട്ടിടുമീച്ചയുണ്ടോ?

ഈടില്ല മെയ്ക്കു വളരെ; കുഴൽ തെല്ലു വെണ്മ
നേടിക്കഴിഞ്ഞിടുകിലാരു തിരിഞ്ഞുനോക്കും?
വാടിക്കരിഞ്ഞ പനിനീർമലരിന്നു വീണ്ടും
മോടിക്കു മന്നിൽ വിരിവാൻ വഴിയില്ലയല്ലോ.

ഇന്നാം തരുന്ന മഹിഷീപദമല്ല, മൊട്ട-
ക്കുന്നാകുമജ്ജയപുരത്തിൽ നരപ്പതത്രേ
എന്നാരിമാർമണി! നിനക്കഭിലാഷമെന്നു-
വന്നാൽ മഹാമഹിഷി നീ; യതിന്നില്ല വാദം.

ചേലില്ലയെങ്കിലതു വേണ്ട; ജഗത്തടക്കി-
പ്പാലിക്കുമെൻ വലതുകൈയിലെ വാളിനാണെ!
ജേലിൽപ്പെട്ടും പ്രിയനെ വിട്ടിടുവാൻ നമുക്കൊ-
രാലിംഗനം മതി; നിനക്കതിലെന്തു നഷ്ടം?

ഇങ്ങാടൽപൂണ്ടടിമയായ് മരുവുന്ന നിന്റെ
ചങ്ങാതിതൻ വിലതരാൻ തടവില്ലയെന്നാൽ
മങ്ങാതെ വന്നിടണ,മാഴിയിലൊന്നുകൂടി
മുങ്ങാൻ മടിച്ചിടുകിലെങ്ങനെ മുത്തുകിട്ടും?

അല്ലായ്കിലായതറിയേണ,മെനിക്കു വന്ന
വല്ലായ്മ വന്നു; മതി; മേലിൽ വരാത്തവണ്ണം
മല്ലാക്ഷി! നിന്റെ ഗളസൂത്രമറുത്തെടുത്തു
ചൊല്ലാർന്ന നിൻപ്രിയനു ഞാൻ ഗളപാശമാക്കും."

ഈമട്ടു വാചകമടങ്ങിയ കത്തു വായി-
ച്ചാമങ്കു പൂണ്ടുവിരൽ തൻകവിളിങ്കലൂന്നി
ശ്രീമന്മുഖം ചെറുതുയർത്തി നിനച്ചുറച്ചു
സാമർത്ഥ്യമോടു മറുലേഖനമൊന്നയച്ചു.

“ജേലിൽപ്പെട്ടും ദയിതനെങ്ങ്, ഭവാൻറയൊററ-
യാലിംഗനക്കൊതിയിതെ,ങ്ങളു സാദ്ധ്യമാക്കാൻ
മാലില്ല തെല്ലു,മരികത്തണയാ,മതോളം
താലിക്കമേലസി പതിക്കരുതെന്നപേക്ഷ!”

ആക്കത്തു കണ്ടു “ശരിയങ്ങനെ വന്നിടട്ടെ;
പോക്കറെറുപോയ പുലി പുല്ലു ഭുജിച്ചിടട്ടെ;
നോക്കല്ലൽ ചേപ്പ്തിന്നു മന്മഥ! നീ തരിമ്പും
നോക്കണ്ട”യെന്നു കരംകൊണ്ടു തുരുഷ്കനോതി.

‘വ്യന്തോത്തേണ്ടു കഴിഞ്ഞുവോ കഥ?യൊരു-
ത്തങ്കൽ സ്ഥിരപ്രേമമി-
പ്പന്തോടുംമൂലമാരിലംബരസൂമം
താനെന്ന വാക്കൊത്തുവോ?’
ചിന്തോദഗ്രത പൂണ്ടു പൌരരിത്തു മ-
ട്ടോതീടവേ തന്വിയാം
തൻതോഴിക്കലമാമകമ്പടിയൊടും
ഡെൽഹിക്കു പോയീടിനാൾ.

# നാലാം സൎഗ്ഗം.

തടിക്കളൎപ്പോൎമുലചേരുമോമന–
ത്തടിത്തന്തത്താൎമിഴിയായ പത്മിനി
ചൊടിപ്പിയന്നോരഭിസാരികാംഗന–
പ്പടിക്കു ദില്ലീശ്വരഗേഹമെത്തിനാൾ.

കനംപെറും തോഴികൾ നൂറുപേരൊട–
ട്ടിനത്തിലാന്ദോളമലങ്കരിച്ചവൾ
മനസ്സിൽ നാണം സുരലോകസുന്ദരീ–
ജനത്തൊടൊത്തുള്ള ശചിക്കുമേകിനാൾ.

അനല്പഭാസ്സൊത്തരുനൂറു ദാസിമാർ
കനത്ത പല്ലക്കുകളേന്തി നില്ക്കവേ
അനംഗഭൂപാലകഘോഷയാത്രയായ്
ജനങ്ങളക്കാഴ്ചയെ നിശ്ചയിച്ചുതേ.

‘വരാളിസംയോഗമൊടന്നയാനവും
നിരാമയം തേടി ലസിച്ച പത്മിനി
ധരാതലത്തിൽ ജലകേളിയോഗ്യയായ്
വരാതെ തീരില്ലതു ദൈവകല്പിതം.”

തുറന്നിവണ്ണം പലരും കഥിക്കവേ
മുറയ്ക്കു ശത്രുക്ഷിതിപന്നു മുന്നിലായ്
നിറംപെടും സുന്ദരി, വാഹനത്തെവി–
ട്ടിറങ്ങി, തൂമിന്നൽ വിയത്തിൽനിന്നുപോൽ,

തിരിച്ചുപോകാൻ തുനിയാതെ തന്നെയേ
വരിച്ചു വാഴ്‌വാൻ പരിവാരയുക്തയായ്
ഒരിച്ഛ മറ്റുവരം വന്നിടുന്നതായ്
ധരിച്ചു പട്ടാണി പരം കൃതാർത്ഥനായ്.

രതിപ്രിയൻ വച്ചൊരു തീ കടന്നു തൻ-
മതിൽപ്പടകത്തിനകം പിടിക്കയാൽ
സതിക്കു നേർക്കായ്പ്പല കമ്പമിത്തരം
ക്ഷിതിക്കധീശൻ പൊടിപാററി നിന്നുതേ.

"ഒരോഷ്ഠപീയൂഷകണം കൊതിക്കിലെൻ
വരോരു! നിത്യാമൃതവർഷധാരയോ?
ശിരോരുഹംപോൽ തവ ഹൃത്തുമംബുഭൃ-
ന്നിരോധനത്തിന്നു പടുത്വമാർന്നതോ?

സമസ്തനമ്മാളിഭുജിഷ്യമാരിലും
മമത്വമാർന്നിങ്ങവരൊത്തു വന്നു നീ;
സുമദ്ധ്യമാകൈശികവാസയോഗമ-
സ്സുമത്തിനും നാരിനുമൊപ്പമല്ലയോ?

പടുക്കളീയാളികൾ വില്ലിൽ മന്മഥൻ
തൊടുക്കുമമ്പേ! തവ സഖ്യമാളുവാൻ;
നടുക്കു മിന്നും ശരദിന്ദുലേഖയോ-
ടടുക്കുവാൻ താരകൾതന്നെ യോഗ്യകൾ.

പരം നിനക്കിന്നിവരൊത്തു വാഴുവാൻ
നിരപ്പിൽ ഞാൻ മാളിക നൂറുനൽകുവൻ;
ധരയ്ക്കകത്തപ്പുഴവെള്ളമൊക്കയും
വരട്ടെ; വന്നാൽ കടലിന്നു ക്രുസല്ലോ?

ഒരല്പമിട്ടെന്നെ മടിച്ചിടാതെ മാ-
റവരച്ചു നീ നോക്കിയതേറെയസ്സലായ്;
പരന്ന തീയിൽ പെട്ടമംബുവാവിയാം,
പരം സുവൎണ്ണം പ്രഭയാൎന്നു മിന്നിടും.

കൊഴുത്ത കാമത്തൊടു ഞാനിരിക്കെയെൻ
പഴുക്ക തോല്ക്കും ചൊടിപൂണ്ട തങ്കമേ!
അഴക്കെഴും കൈയിണകൊണ്ടു താലി നിൻ
കഴുത്തിൽ വച്ചോൻ കഴുവേറിടേണ്ടയോ?

ഇനനെൻെറ വംശം ചുവടററിടേണ്ട;പോയ്
ജനത്തെ രക്ഷിച്ചരുളട്ടെ നിൻപ്രിയൻ;
അനൎത്ഥമെന്താണവ,നമ്മപെററ പെ-
ണ്ണനല്പമീയൂഴിയിൽ വേറെയില്ലയോ?

മടുപ്പുതുപ്പോർമൊഴി! മഞ്ചമൊന്നിനോ-
ടടുക്കുവാനെന്തിനി നോക്കു താമസം?
അടുപ്പിൽ വേകുന്നതു വെന്തു വാങ്ങിയാൽ
ചുടുന്നതാറാൻ മടയൻ പൊറുത്തിടും!"

ഇവണ്ണമക്കാമിയടിച്ചു വിട്ട വാ-
ക്കവൎണ്ണ്യകൎണ്ണാമൃതധാരചെയ്തപോൽ
ലവം കുലുങ്ങാതെ നിലാവുതോററിടും
നവസ്മിതംതൂകിയുരച്ചു തയ്യലാൾ.

'വേറില്ല മാ,ലെൻകഥ വേണ്ടപോൽ ഭവാൻ
ധരിച്ചുവല്ലോ! മതി; ഞാൻ കൃതാൎത്ഥയായ്;
ശരിക്കു തേന്മാവു വെടിഞ്ഞു കാഞ്ഞിരം
വരിക്കുമോ വാടിയിൽ വാച്ച പിച്ചകം?

ഒരിച്ഛയുണ്ടെൻ പ്രിയനോടിതോതുവാൻ;
തിരിച്ചുടൻതന്നെ വരാമടുക്കൽ ഞാൻ;
മരിച്ചുപോകാത്തതു ഭാഗ്യമെന്നവൻ
സ്മരിച്ചിടും; ജീവനിൽ മെച്ചമോ വധു?

അകമ്പടിക്കാരൊടുമൊത്തിരുട്ടറ-
യ്ക്കകത്തു ചെന്നാലുടനേ തിരിച്ചു ഞാൻ
വികല്പമൊന്നില്ലണയാം; രതത്തിനും
വികർത്തനൻ പോയ് ശശി വന്നിടേണ്ടയോ?'

അതിന്നവൻ ചൊല്ലി: "യിതെന്തു കൃത്തഫ-
ല്പ്തിക്ക തോന്നുവെച്ചോഴവൻ മറഞ്ഞിടും;
അതില്ല വേണം ശശിയെങ്കിൽ നിന്റെ യീ-
മതിപ്രഭാസ്യം സവിധത്തിലില്ലയോ?

ലവം പൊറുപ്പാൻ പണി മേലിലെങ്കിലും
ധവൻ തുലഞ്ഞേ തവ സൊല്ലയററിട്ടു;
ശവത്തെ വേഗം ചുടുകാട്ടിലാക്കിയാ-
ലിവൾക്കു പിന്നെസ്സുഖമായ് രമിച്ചിടാം.

അതാട്ടെ; ചെന്നാക്കഥ തീർക്ക വേഗ"മെ-
ന്നതാന്തനാം കാമുകനാജ്ഞനല്കവേ
ശ്രിതാളിചേടീയുതയായ് സുമേഷുവിൻ
പതാക പാറാപ്പുരയിങ്കലെത്തിനാൾ.

വരാംഗി നാരിക്കു നരത്വമേകുമെ-
ന്നൊരാകഖലൻ തൻ വചനം ഫലിച്ചപോൽ
നിരാമയം തൽപരിവാരമാക്ഷണം
ശരാസിചാപങ്ങൾ ധരിച്ചുനിന്നതേ.

അണഞ്ഞിട്ടും യോധരെ വെന്നു കാന്തനെ-
ക്ഷണത്തിലാന്ദോളികയേററി നിർഭയം
രണത്തിനായ്ത്തന്നനുയായിമാരൊട്ടും
ഗുണജ്ഞയാം പത്മിനി നിന്നു ചിത്രമേ!

റവിക്കപാവാടകൾ തൻ പകിട്ടുകൊ-
ണ്ടവിഘ്നമാന്ധ്യത്തെയണച്ച നാരിമാർ
കവിഞ്ഞൊരൂക്കൊന്നെഴുന്നൊരു യോധരായ്-
ദ്ഭവിച്ചതക്കാമി മിഴിച്ചു നോക്കിനാൻ.

ശിരസ്സിനുള്ളും വെളിപോലെ ശൂന്യമെ-
ന്നാരം ഖലൻ തന്നെ ഹസിച്ചുനിൽക്കവേ
കുരംഗശാബേക്ഷണ കാന്തയുക്തയായ്
തരത്തിലാനാട്ടു വെടിഞ്ഞുപോയിതേ.

ഓമൽസുമാംഗി ബത! തന്നെ വെടിഞ്ഞ നേര-
മാമന്നനർദ്ധശശലാഞ്ഛനചാരുചിഹ്നം *
ശ്രീമഞ്ജുവാം നിജപതാകയിൽ മാത്രമല്ല
കാമത്തിനുള്ളൊരു കഴത്തിലുമുല്ലസിച്ചു.

ധവനൊട്ടുമെഴുന്നൊരു യോധരോടും
നവസഖിയാം ജയലക്ഷ്മിയോടുമൊപ്പം
അവർ നിജഗൃഹമെത്തി വാണു മന്നിൽ-
ധവളസുഗന്ധിയശോഭരം വളർത്തി.

———o———

* മഹമ്മദീയരുടെ കൊടിയടയാളം അർദ്ധചന്ദ്രനാണ്.

# ൬. സത്യവതി.

## ഒന്നാം സൎഗ്ഗം.

പനിമതികലതന്നുപ്പാൎപ്പിടം പാൽക്കടൽപ്പെൺ-
കടമിഴികൾ കളിക്കും വാരൊളിക്കേളിമുററം
പെരുമപെറുമൊരാമൽപ്പത്തനം ഹസ്തിനാഖ്യം
വിലസി ഭരതഭൂവിൻചിത്രകംപോലെ മുന്നം.

പടയിൽ മുകളിലേക്കായ്ത്താനെറിഞ്ഞൊരു പൌര-
ന്ദരനഗരി പതിച്ചാൽ വീണ്ടുമമ്മാനമാടാൻ
വലതുകരമുയൎത്തിത്തൽപ്പുരം നില്പതെന്നാ-
യവിടെയെഴമണിപ്പൊൻദിഗ്ജയത്തൂണുരപ്പൂ.

അവിടെയണിപുകഴ്പ്പൂമ്പട്ടുചാൎത്തുന്ന കാന്താ-
ളകകൾ വിലസി മേന്മേൽ പുഷ്പകശ്രീസമേതം,
ധനദപുരിയെയന്നൽപ്പത്തനം മാന്മിഴിത്തൈ-
വടിവിൽ വസതിതോറും ബന്ദിയായ്‌വച്ചപോലെ.

അവിടെയെഴമിളമ്മാൻകണ്ണിമാർ പൂവലംഗം
കഴുകിയൊഴുകുമസ്സൽചാരുപാടീരനീരം
യമുനയൊടണയുമ്പോൾ വൎഷകാലത്തു മിന്നൽ-
ക്കൊടി കരിമുകിലിന്മെയ് പുല്കിടുംപോലെ തോന്നും.

---

* ഈ കാവ്യത്തിന്റെ രണ്ടും നാലും സൎഗ്ഗങ്ങൾ പന്തളത്തു കേരളവൎമ്മത്തമ്പുരാന്റെ കൃതിയാകുന്നു.

അവിടെയുഷസി നിത്യം മജ്ജനംചെയ്തിടുന്നോ-
രണികഴൽമണിമാർതന്നംഗസംഗം നിമിത്തം
കലിതരുചി കളിന്ദപ്പെൺതലേന്തുന്ന വെള്ളം
സുരഭിമൃഗമദപ്പൂന്തൈലമായ് മാറിടുന്നു.

അവിടെ നൃപയശസ്സാം രാജതക്കോട്ട മാററാ-
രുടെ ചുടുമിഴിനീരാം വൻകിടങ്ങൊത്തു ചുററും
വിലസുമളവിൽ, വേറേ സാലഖേയങ്ങൾ വായ്ക്കു-
ന്നവ, വെറുമഴകിന്നായപ്പുരത്തിന്നു തീൻ.

പുതിയൊരു പുകൾവായ്പാൽ പൂർവ്വികോർവ്വീശരെക്കാ-
ളുലകു ധവളമാക്കി 'ശ്ശുന്തനു'ക്ഷ്മാമണാളൻ
അലകടലണികാഞ്ചിത്തയ്യലെപ്പുല്കിനാൻ തൽ-
കുലപതി മുഴചന്ദ്രൻ ശാരദജ്യോത്സ്നിയെപ്പോൽ.

പ്രതിഭടപടലിക്കും ശന്തനുതപം നിജാഖ്യ-
പ്പടി കലരണമെന്നോർത്തുഴി കാക്കും യശസ്സാൽ
നിജഹൃദയകളങ്കത്തിങ്കലും വെള്ള തേയ്ക്കും
കുലമണിയെ നിരീക്ഷിച്ചിന്ദു ധന്യതപമാന്നാൻ.

നിഖിലഭുവനജൈത്രം തൽപ്രതാപം ജ്വലിക്കു-
ന്നളവു പകൽവിളക്കായ്ത്തീൻ നാണിച്ച സൂര്യൻ
ക്ഷിതിധവനു മഴക്കാർവേണിയാം പൈതലാളെ-
ക്കഴലിണമലരിങ്കൽ കാഴ്ചവച്ചെന്നു തോന്നും.

സഖി യമുന, നൃപൻതന്നംഗസംഗം ദിനംപൂ-
ണ്ടിടുവതറികകൊണ്ടൊട്ടീർഷ്യയുള്ളത്തിൽ വാച്ചോ
സുകൃതിസുലഭയാകും ഗംഗ, വെള്ളപ്പതപ്പൂ-
ഞ്ചിരിയിലകമിളക്കിത്തദപധൂരതമായാം?

അഹികുലസഹവാസംകൊണ്ടു തദ്വൃത്തി കൈവ-
ന്നൊരു ഗിരിശവിഭൂഷ,യ്യാത്മജാന്തം വരുത്താൻ
കൊതിപെരുകുകിലും, തന്നഷ്ടമാപത്യഹത്യ-
യ്യുരചനനവധിക്കാഞ്ഞത്യമർഷം വളൎന്നു.

അതുപൊഴുതതിമാത്രം ജാള്യമേറുന്ന കാല-
പ്രസവസഹജവേണിത്തയ്യലാളെ ഝരേശൻ
ഇനജ, നിജയശസ്സാൽ ഗംഗയാകുമ്പൊൾ വേറി-
ട്ടൊരു സുരനദി വേണ്ടെന്നോൎത്തു ദൂരെ ത്യജിച്ചു.

ഒടുവിലമിതതേജസ്സാൎന്ന ദേവവ്രതാഖ്യാ-
ന്വിതമമരുമൊരോമൽബ്ബാലനെജ്ജഹ്നുപുത്രി
അതുളിയരചനായ്യെല്ലാ,ണ്ടംബരത്തിന്നു കട്ടി-
ക്കതിരവനെയുഷസ്സിൽ ശ്രീയെഴും പ്രാചിപോലെ.

വിധുകുലസുകൃതപ്പൊൻകട്ടയാം പുത്രനിൽ ക്ഷ്മാ-
വലയഭരമിറക്കിശ്ശന്തനുക്ഷോണിപാലൻ
നിജഭുജമൊട്ടു നേരായ് സത്വമേറുന്ന ഘോരാ-
ടവിയിൽ മൃഗയചെയ്വാനേകദാ പോകയായി.

അവിടെയവനിപാലൻ ഹസ്തിനാഭിഖ്യപൂണ്ടും
ഹരിസദനമൊടൊത്തും ചേരെഴും കോലമാൎന്നും
അലഘുസുഷമകോലും സാലജാലം വഹിച്ചും
മഹിമയെഴുമരണ്യം തൻപുരംപോലെ കണ്ടാൻ.

മദസലിലമൊഴുക്കിക്രുദ്ധവേർപെട്ടു കൎണ്ണ-
വ്യജനയുഗളി വീശിസ്സഞ്ചരിക്കും ഗജേന്ദ്രൻ
അരുവികളെ വഹിച്ചുംകൊണ്ടു മൈനാകശൈലം
ചിറകുകളെ വിടുത്തിപ്പാഞ്ഞിടും മട്ടണഞ്ഞു.

മഴമുകിലൊളിമേനിക്കൊമ്പനാനത്തലച്ചെ-
ഞ്ചുട്ടനിണമണിവെള്ളിക്കേസരം പൂണ്ട സിംഹം
തപനശിശുമയൂഖം തന്റെ ശീർഷത്തിലേന്തും
ശരദമലഘനത്തിൻ ഛായകൈക്കൊണ്ടെതിർത്തു.

ദശരഥജശരാസത്തിങ്കൽ നിന്നമ്പു പായും-
പടി കനലൊളി പാറും കൺ തുറിച്ചാഞ്ഞു ചാടി
മരുതലയുടെ ശീർഷം മാമ്പഴംപോൽ പറിക്കും
പുലികളുടലൊടൊക്കും പൌരുഷംപോലണഞ്ഞു.

ദയിതമൃതിവിഷാദക്കാററടിച്ചുററമോടൊ-
ത്തുയരുമൊരരിശത്തീജ്ജ്വാല ചുററും പരത്തി
അരിതനവിരുകീറായ്ക്കത്തിവീഴ്ത്തും തടിപ്പെൺ-
കിടികരം കമലജാസ്ത്രംപോലെ പാഞ്ഞെത്തി മുന്നിൽ.

പലതരമിതുമട്ടിൽ ജന്തുവർഗ്ഗം കഠോര-
പ്രകൃതിയുടെ വെളിച്ചപ്പാടുപോൽ വാച്ച കാട്ടിൽ
അർജ്ജുനടെ ശരാസം ബാണവും, സതാപകണ്ഠം
ഝടിതി ബത! തദീയപ്രാണനും, വിട്ടിതൊപ്പം.

അവനൊട്ടു സമമേറെത്താനകേളിക്കിരിപ്പായ്
വിലസിന കലയാനക്കൂട്ടരോടീർഷ്യപൂണ്ടോ
പുരുഷവൃഷഭനന്നാളൻപുവിട്ടമ്പുവിട്ട-
ല്പദമതിന്ന കലയ്ക്കുള്ളാനയെന്നർത്ഥമാക്കി.

രണധരണിയിൽ മുന്നം ദൈത്യവർഗ്ഗത്തെ വെന്നു-
ള്ളൊരു നൃപവരന വീണ്ടും വേട്ടയിൽ ദ്വീപിവർഗ്ഗം
എതിരിട്ടമളവിൽ തൽജീവനാശം വരുത്തു-
ന്നതു പഴകിയ പാഠം മാത്രമായ് വന്നുകൂടി.

അരചമണി കുരംഗപ്രേമമററവും കുരംഗ-
വ്രജമരണമണപ്പാനപ്പൊഴേററം മടിച്ചു;
പല വൃകനിവഹത്തെക്കൊന്നുകൊന്നാത്മകോക-
ദ്വിഷദഭിജനജന്മം സ്പഷ്ടമായ്ക്കാട്ടി മന്നിൽ.

വിധുകുലമണി നായാട്ടിത്തരംചെയ്തു പിന്നീ-
ടനുചരരൊടു വേർപെട്ടേകനായ് വിശ്രമാർത്ഥം
ത്രിപഥഗയുടെ പാർശ്വം തേടിനാൻ, വിപ്രയുക്തൻ
കണവ,നരിമകോലും കാന്തതൻ ശയ്യപോലെ.

താൻ ഹിംസിച്ചൊരു മാനിൽനിന്നു മിഴിയും;
കുംഭീന്ദ്രകുംഭത്തിൽനി-
ന്നോമൽത്തൈത്തകളുർകൊങ്കയും, ഹരിയിൽനി-
ന്നസ്പഷ്ടമാം മദ്ധ്യവും
കൈക്കൊണ്ടുള്ളൊരു കാമിനീമണികൾ തൻ-
കണ്ഠോല്ലസൽകൗസ്തുഭ-
ക്കല്ലാം കന്യയൊരുത്തി കണ്ണിനു പരം
കല്യാണമന്നേകിനാൾ.

——— (o) ———

## ൩. സത്യവതി.

## മൂന്നാം സർഗ്ഗം.

പലജന്തുവധം തുടൎന്ന പൃത്ഥ്വീ-
പതിതൻ ഗൎവ്വു പരം ശമിപ്പതിന്നോ
മലരമ്പു കരിമ്പുവില്ലിൽനിന്നും
മദനവ്യാധനവൻെറ നേൎക്കയച്ചു?

സ്മരവഹ്നി പടൎന്നു കത്തിയുള്ളം
ചുട്ടചാമ്പൽപ്പൊടിപോലെ പോയ മന്നൻ
അവൾതൻ ജനകൻെറ വീടണഞ്ഞാ-
നലരമ്പന്നൊരു കോമരം കണക്കെ.

വല,വള്ളം,മണക്കമീൻ, കഴുക്കോ,-
ലിവ മുററത്തു നിറഞ്ഞ മാടമൊന്നിൽ
കരിമാമുകിൽപോൽ കറുത്ത മെയ്പൂ-
ണ്ടൊരു വാലപ്പെരുമാൾ വസിച്ചിരുന്നു.

അവനെങ്ങതിതുച്ഛ, നാഴി കച്ച-
പ്പുറമാം പാരിന്നധീരനെങ്ങു ഭൂപൻ?
അവയൊന്നുമറിഞ്ഞതില്ല പാവം;
മദനഭ്രാന്തനു വസ്തുബോധമുണ്ടോ?

അരികത്തണയുന്ന സാൎവ്വഭൌമോ-
ത്തമനെക്കണ്ടെഴുനേററു ഭക്തിപൂൎവ്വം
കഴൽകൂപ്പി വണങ്ങിയേറെ മാറി-
ത്തൊഴുകൈയായരയൻ വിളിച്ചുണൎത്തി.

"തിരുവുള്ളമഴിഞ്ഞു തൃക്കഴൽപ്പൂ-
മ്പൊടിയേല്പിച്ചതു പൊന്നുതമ്പുരാനേ!
അടിയൻ ചരിയുന്ന കുപ്പമാടിൻ
പഴമപ്പെട്ടൊരു നന്മകൊണ്ടുതന്നെ.

തിരുമേനി തനിച്ചെഴുന്നള്ളത്താ-
യതു, മാററാർ പിന ചെയ്തതിന്നടുത്തോ?
അടിയങ്ങളെതിർത്തു പോരിലൊററാൽ-
മുന്നകൊണ്ടായവർതന്റെ മാറു കീറാം.

മൃഗപക്ഷികളിൽക്കടന്നു തൃക്കൈ
വിളയാടിത്തിരുമെയ്യു വാട്ടമെന്നാൽ
ഇളനീരമൃതേത്തുചെയ്തു വാന-
പ്പുഴവക്കത്തെഴുന്നള്ളി വിശ്രമിക്കാം.

തിരുവാമലരൊന്നനങ്ങിയെന്നാ-
ലുടലെന്നല്ലുയിർക്കൂടി വേണമെങ്കിൽ
അടിയങ്ങൾ മലർക്കഴൽച്ചുവട്ടിൽ
തിരുമുൽക്കാഴ്ച കഴിച്ചുകൊള്ളുമല്ലോ."

അവനിങ്ങനെ ഭംഗിവാക്കണർത്തു-
ന്നതു കേട്ടുള്ളു തെളിഞ്ഞു ചക്രവർത്തി
"ശരി നമ്മുടെ ലാക്കു പററി"യെന്നോ-
ത്തരുളപ്പാടൊരുമട്ടു തട്ടിവിട്ടു.

"മതി നിന്മൊഴിതന്നെ കാഴ്ച; ഭക്തി-
ക്കരയൻനിന്നോടു തുല്യരില്ല മന്നിൽ;
ചെറുതായൊരു കാര്യമുണ്ടു നിന്നാ,-
ലെലിയും വേണ്ടിവരും ഹരിക്കൊരിക്കൽ.

പുഴവക്കിനടുക്കൽ ഞാനൊരോമ-
ന്മലർമാലക്കുഴലാളെയിന്നു കണ്ടേൻ;
അവരം നിന്മകളാണുപോലു,മെന്തോ
കഥ ഞാൻ ചൊൽവതു? ശേഷമൂഢ്യമല്ലോ.

പരൽകൊഞ്ചുകളെപ്പിടിച്ചു നാരം
കരിനേർമെയ്യരയക്കു ജന്മസിദ്ധം;
ശതയോജനഗന്ധമുള്ള തങ്ക-
ക്കൊടി നിൻ പൈത,ലിതെന്തൊരിന്ദ്രജാലം?

അഥവാ, ശരി; മന്നിൽ മഞ്ജുമിന്നൽ-
ക്കൊടിയെക്കാർമുകിൽതന്നെ പെററിടുന്നു;
ചളിതങ്ങിടുമാഴിതന്നടിത്ത-
ട്ടമലം മൌക്തികമുല്പമിച്ചിടുന്നു.

വല,ചൂണ്ട,ലിവററകൊണ്ടുചെന്നാ-
ണരയക്കീയുലകത്തിൽ മീൻപിടിത്തം;
വല പൂങ്കുഴൽ, ചൂണ്ടൽ ചോരിവാ,യീ-
യരയപ്പെണ്ണിനു, ചക്രവർത്തി മത്സ്യം.

മകരക്കുതിചെയ്തു നാരം കഴിപ്പോ-
രരയൻ നീ; ഹരി! നിന്റെ പെൺകിടാവോ
മകരക്കൊടി മന്നിടത്തിൽ നാട്ടും
മദനന്നുള്ള മഹാസ്ത്ര,മെന്തു ചിത്രം!

തണുവാം തരിയേററിയാററിനക്കേ-
ക്കരയിൽ പാന്ഥരെയൊക്കെയാക്കിടുന്നോരം
അതുപോൽ തുടരാതെയെന്നെ മാത്രം
മലരമ്പപ്പുഴയിങ്കൽ മുക്കിടാമോ?

ഒരു ദേവ്യമില്ല, ജാതികൊണ്ടാ-
ണരചൻ ഞാ,നതു മട്ടുതന്നെ നീയും;
തവ സമ്മതമെങ്കിൽ നിൻ കിടാവെൻ
കടൽകാഞ്ചിക്കു സപത്നിയായ്ഭവിക്കും."

അതുകേട്ടവനോതി വീണ്ടു,"മിപ്പെൺ-
കൊടിയാളെൻെറ വളൎത്തുപൈതൽ മാത്രം;
ഇവൾ മത്സ്യജയാണു,താണു മത്സ്യ-
ധ്വജനിത്തയ്യലൊരസ്ത്രമായതിപ്പോൾ.

അതു വല്ലതുമാട്ടെയേതുകൊണ്ടും
തിരുമേനിക്കിവൾ തക്ക തയ്യൽ തന്നെ;
ശരി,യല്പമിറങ്ങിടാതെ പക്ഷേ
കടവിൽച്ചെന്നു കളിക്കുവാൻ ഞെരുങ്ങും.

അടിയത്തിനു പൊന്നുതമ്പുരാനോ-
ടറിയിക്കുന്നതിനുള്ളതൊന്നുമാത്രം;
തിരുമേനിയെയിക്കിടാവു വേട്ടാ-
ലിവൾ പെററുള്ളവർ സാൎവ്വഭൗമരാമോ?

ഭുവനത്രയജൈത്രകീൎത്തി ദേവ-
വ്രതനുള്ളപ്പോളിവൎക്കു രാജ്യമുണ്ടോ?
കഥയെന്തു? മലൎന്ന ചെമ്പകത്തി-
ന്നരികത്തെങ്ങനെ പിച്ചകം മണക്കും?

അതിനാലറിയിപ്പതാണു; കള്ള-
പ്പണികൊണ്ടെൻമകൾ കാന്തയാകയില്ല;
അരചപ്പടിയില്ലയെങ്കിലെന്താ-
ണരയന്നുണ്ടവനുള്ള മട്ടിൽ മാനം.

അതുകേട്ടിടിവെട്ടിൽ ഞെട്ടിനില്ലോ-
രരവംപോൽ തലതാഴ്ത്തി മന്നവേന്ദ്രൻ
എതിർവാക്കിനു നാക്കുപൊങ്ങിടാത-
ന്നവിടം വിട്ടു തിരിച്ചുവെച്ചടിച്ചു.

ഉടൽ വിളറി വരണ്ടുമൂണുറക്കം
കുളിയിവവിട്ടുമിളാഭരം വെടിഞ്ഞും
നൃപനരുളി; മനോജസന്നിപാത-
ജ്വരശമനൌഷധികൾക്കുമാവതുണ്ടോ?

——(൦)——

# ൧. കലാവതി *

മായേ! മന്മഥവൈരിതൻ പ്രിയതമേ!
ലോകം പതിന്നാലിനും
തായേ! താണു വണങ്ങുവോൎക്കഭിമതം
കായ്ക്കുന്ന മന്ദാരമേ!
നീയേതാണ്ടു തുണയ്ക്കുമെന്ന നിനവാൽ
വേഷം ചമഞ്ഞീടുവോ-
രീയെളിപ്പെരുമാൎക്കു സൽക്കവിപദം
തന്നാലുമിന്നാദരാൽ.

കൂട്ടം കുന്തളകാന്തിയുള്ള മടവാർ-
തങ്കപ്പതക്കങ്ങൾ വാ-
ണീടും കുന്തളമെന്ന നാമമിയലും
നാട്ടിന്നലങ്കാരമായ്
ഈടുറ്റീടിന ഭൂമിദേവർ മുഴുവൻ
മാനിച്ചു മൌലിക്കുമേൽ
ചൂടും നന്മണി ദേവസേനനളവായ്
ഭംഗ്യാ വിളങ്ങീടിനാൻ.

കല്യാഗ്ര്യൻ ദ്വിജസത്തമന്നു വിധിപോൽ
കാലം പിഴയ്ക്കാതെ നൽ-
ക്കല്യാണത്തിനൊരോമനക്കമനിയാൾ
വന്നെത്തി പുണ്യത്തിനാൽ;

---

* ഇതിന്റെ രണ്ടും മൂന്നും ഭാഗങ്ങൾ യഥാക്രമം പന്തളത്തു് കേരളവൎമ്മതമ്പുരാന്റെയും, ശ്രീമാൻ കുറ്റിപ്പുറത്തു കേശവൻനായരുടേയും കൃതികളാകുന്നു.

കല്യാണാംഗി ‘‘കലാവതീ’’ത്യഭിധയെ-
സ്സാൎത്ഥീകരിച്ചുൎവ്വിമേൽ
കല്യാണാചലസോദരസ്തനികൾതൻ
കല്ലായ് വിളങ്ങീടിനാൾ.

ചെററും തെററാതെ ശാസ്ത്രപ്പടിയവനിസുര-
ക്കൊത്ത കൃത്യങ്ങൾ ചെയ്തും
മുററും ചെന്താരിൽമാതിൻകണവനുടെ കഴൽ-
ത്താമരത്താർ പണിഞ്ഞും
മററുള്ളോരൊക്കെ മാനിപ്പൊരു മഹിമയെഴും
മാതൃകാഭൂസുരൻ തൻ-
പെററുള്ളോരമ്മയോടും പ്രിയയൊടുമൊരുമി-
ച്ചാത്മഗേഹത്തിൽ വാണാൻ.

കണ്ഠത്തിൽത്താലിചാൎത്തീടിന കണവനെ വി-
ട്ടന്യനെക്കണ്ണിനോ കൽ-
ക്കണ്ടത്തേൻവാണിയാൾ തൻ ഹൃദയമലരിനോ
ലക്ഷ്യമാക്കാതെ നിത്യം
പണ്ടത്തെധൎമ്മനീതിക്കൊരു ഗൃഹിണി നട-
ത്തേണ്ട കൃത്യങ്ങളെല്ലാം
കണ്ടുതാംവിട്ടനുഷ്ഠിച്ചുലകിനൊരു വിള-
ക്കെന്നപോലന്നു വാണു.

ചെന്തീയിൽക്കാഞ്ഞ തങ്കത്തകിടിനു കിടയാം
വണ്ണവും വെണ്ണയെക്കാൾ
മുന്തീടും നേൎമ്മയും പൂണ്ടിടുമുടലുടയോ-
രുത്തമാമുത്തുമാല്യം

വന്നീല്ലുക്ലേശമേകുന്നൊരു പല ഗൃഹകൃ-
ത്യങ്ങൾ നിത്യം തുടർന്നും
പൊന്തീ രോചിസ്സിൽ മുന്നേതിലു,മരയുകിലേ
ചന്ദനം ഗന്ധമേകൂ.

ഈ മന്നിലുള്ള ഗുണസംഹതിയൊത്തു പൂർണ്ണ-
ക്ഷേമം പരസ്പരവിരോധമശേഷമെന്യേ
ആ മഞ്ജുളാംഗിയുടെയുള്ളിലടങ്ങിവാണു,
കാമം മൃഗാവലി തപോവനസീമ്നിപോലെ.

നല്ലാളുകൾക്കു നടുനായകമായ വിപ്രൻ
നല്ലാർനിരയ്ക്കണിയലാം നിജ കാന്തയോടും
എല്ലാർക്കുമെപ്പൊഴുതുമുൾപ്രണയം വളർത്തി
വല്ലായ്മവിട്ടവിടെയങ്ങനെ വാണിരുന്നു.

അമ്പിൽ ദമ്പതിമാരവർക്കു വളരും
പ്രേമദ്രുമം വെട്ടുവാൻ
വൻപിക്കും കൊടുവാൾപടിക്കൊരുവള-
ർഗ്ഗേഹത്തിൽ വാണീടിനാൾ;
മുൻപിൻ നോക്കിടവേണ്ട,താരു പറയാം;
വിപ്രന്റെ മാതാവു താൻ;
കമ്പില്ലാതെ കരിമ്പു കാണ്മതെളുതോ
ലോകത്തിലാകെത്തുലോം?

മാറാതുള്ളോരു ശീലപ്പിഴയുടെ നടന-
പ്പന്തലായ് ഹന്ത! ലേശം
വേറാർക്കുംതന്നെ കാണാത്തൊരു കുടിലതയും
ധാർഷ്ട്യവും ഹൃത്തിലേന്തി

ന്നുറാവാൻ പത്തുമാത്രം കുറയുമൊരു വയ-
        സ്സായ മുത്തശ്ശി തന്നിൽ
ക്കൂറാണ്ടീട്ടന്നൊരോമൽസ്സ്നുഷയുടെ കദന-
        ത്തിന്നു സന്നദ്ധയായാൾ.

ശീവള്ളി, വെണ്മണിമഹൻ, മുതലുള്ള ദിവ്യർ
കൈവച്ച മുത്തികളുമീമുത്തുമുത്തിയോടായ്
സേവയ്ക്കുനിന്നു പല ദുർഗ്ഗുണവും പഠിച്ചു
വൈവശ്യമററു ഗുരുദക്ഷിണ ചെയ്തിടേണം.

കന്നത്തം, കള്ള, വീറ, വാശി, കലഹം,
        ക്രൌര്യം, കുശുമ്പെന്നതൊ-
ട്ടിന്നമ്മാൾക്കറിവുള്ള തിന്മ മുഴവൻ
        കൂട്ടിക്കലത്തിപ്പരം
മുന്നം നാന്മുഖനെത്രയോ വികടമായ്-
        തട്ടിപ്പടച്ചിട്ടൊരാ-
പ്പന്നാച്ചെട്ടയുമിക്കിഴട്ടുകഴവിൻ
        ചാരത്തു താർമങ്കയാം.

മുന്നേ ദുശ്ശീലമേററം പെരുകുമവൾ വയോ-
        വൃദ്ധയുംകൂടിയായാൽ
പിന്നെച്ചോദ്യത്തിനുണ്ടോ വക? കുടിലതതൻ
        കോമരം തുള്ളിടുംപോൾ
എന്നോ! കാര്യം കടുപ്പം പകലുമിരവുമ-
        ഗ്ഗേഹിനിത്തയ്യലാളെ-
ത്തന്നേ ഭത്സിച്ചു മർദ്ദിച്ചസുലഭചരിതാ-
        ർത്ഥതാമത്യർത്ഥമാണ്ടാൾ.

തന്നോമൽജീവനാഡിക്കുടയ ജനനിയെ-
ത്തന്റെ മാതാവൊടൊപ്പം
കന്നോടൊക്കുംകളുറ്റെപ്പോൽക്കുചകൾമണി
വിചാരിച്ചു ദൈവോപചാരം
അന്നോടന്നാചരിച്ചീടിലുമതു ഫണിതൻ
വായിൽ വീഴുന്ന പാലായ്
വന്നോരോ കമ്പു മേല്പോട്ടുയരുമൊരു വിഷ-
ജ്വാലതന്മൂലമായി.

വള്ളത്തിന്നും കരയ്ക്കും വഷളത വളരെ-
പ്പെട്ടു മൂശേട്ട പോകി,-
ല്ലുള്ളത്തിൽ പാവമാമാവധുവിന്ന കദനം
വേണ്ടത്തുണ്ടാക്കിവെയ്ക്കും;
വെള്ളംക്രൂടിക്കൊടുക്കി,ല്ലിരവുപകലന-
ദ്ധ്യായമില്ലാതെ കേറി-
ത്തൊള്ളയ്ക്കങ്ങോട്ടു തോന്നുന്നൊരു തെറി മുഴുവൻ
വെച്ചു താങ്ങിക്കൊടുക്കും.

എത്രയ്ക്കെത്രയ്ക്കു ഭക്തിപ്രവണത കലരും
സാധ്വി താഴുന്നതെന്നാ-
ലത്രയ്ക്കത്രയ്ക്കു കേറിപ്പട്ടുകിഴവി ശകാ-
രിച്ചു തന്നിച്ഛപോലെ—
ചിത്രം ദുർദൈവയന്ത്രപ്പണി ശിവ ശിവനേ!—
ക്രൂസൽക്രൂടാതെ തൻ നൽ-
പുത്രൻതൻ പൂർവ്വപുണ്യത്തിനെയപകരുണം
ചിട്ടയായ്യൊട്ടുയാട്ടും.

ശ്രീവത്സാങ്കന്റെ കാൽത്താർ പണിയുമൊരവനീ-
        ദേവിയുംക്രടി ലജ്ജാ-
ഭാവം തേടും ക്ഷമാവാസ്സിന വിളനിലമാം
        കാമിനീമൌലിഹീരം
നാവങ്ങോട്ടേക്കനക്കാതവിടെയതഖിലം
        കേട്ടു വക്ത്രത്തിൽലത്തും
വൈവർണ്ണ്യം വിട്ടു നില്ലം നില പരമരിൽ-
        ത്തീയ്യും കാററായ്ഭവിക്കും.

വീരം ദൌർജ്ജന്യവായ്പും പെരുമൊരു കിഴവി-
        ച്ചേട്ട വല്ലാതെ താരു-
മ്മാരും കേറിപ്പുലമ്പിട്ടിനമന്ത തകരാ-
        റാക്കമുരുക്കാമ്പുതന്നിൽ
ഏറും മാലാന്ന സാധുഭക്തിജനടെ സതിയാം
        ധർമ്മദാരങ്ങൾ കണ്ണീ-
രാരും മേന്മേലൊലിപ്പിച്ചമരു,മൊരുവരും
        കൂടെയില്ലാത്ത നേരം.

ചേറിൽപ്പൂക്കുന്ന ചെന്താമര; മുതല വഹി-
        ക്കുന്ന കസ്തൂരി; നീല-
ക്കാറിൽ കത്തുന്ന മിന്നൽക്കൊടി; പരമരവ-
        പ്പത്തി ചാർത്തുന്ന രത്നം;
കേറിട്ടൈശ്വര്യം കളിക്കും കളരിയിവളിലും
        നല്ല പുത്രൻ ജനിച്ചാൻ;
വേറിട്ടെന്തുള്ളൂ ചൊൽവാൻ? ഉലകമിതു പരാ-
        ശക്തിതന്നിന്ദ്രജാലം.

ഈ മട്ടോത്തു വയസ്സുചെന്നവർ സമാ-
　　ധാനപ്പെട്ടും, മററുപേർ
കാമം മുത്തിയിലുണ്ടു പേടി യമനും
　　നിസ്തുക്കമെന്നോതിടും;
വാമയ്ക്കുള്ളുഴൽ നാരംക്കുനാളധികമാ,-
　　യക്കാര്യമൊന്നും ഗ്ഗുണ-
ഗ്രാമത്തിന്നധിവാസമാം ദ്വിജവരൻ
　　ബോധിച്ചതില്ലേതുമേ.

വാണിജ്യവൃത്തി വഴിപോലെ നടത്തി വിപ്ര-
മാണിക്യമപ്പുരിയിലങ്ങനെ വാണിടുമ്പോൾ
ഏണിക്കുനേർമിഴിയെവിട്ടൊരുനാൾ കലിംഗ-
ക്ഷോണിക്കുടുത്തൊരിടപാടിനു പോകമാറായ്.

മാസം നാലഞ്ചു പാർപ്പുണ്ടവിടെയനുകനെ-
　　ന്നുള്ളതും സൊല്ലയാം തൻ
വാസം മുത്തശ്ശിയൊത്തന്നുമകതളിരിൽ-
　　ക്കണ്ടു കൽക്കണ്ടവാണി
വാസന്തീവല്ലി നട്ടുച്ചയിൽ വരളുവതി-
　　ന്നൊട്ടു വല്ലാതെ ദീർഘ-
ശ്വാസം വിട്ടും കരഞ്ഞും പെരുകിടുമഴലിൽ-
　　പ്പെട്ടു നട്ടംതിരിഞ്ഞാൾ.

പാലാഴിക്കകമൊന്നിനൊന്നു വലുതായ്
　　പൊങ്ങും തിരയ്ക്കൊത്ത വ-
ന്നാലാലുള്ള തകന്നു പോംവഴിയറി-
　　ഞ്ഞീടാത്ത മാടസ്ത്രനി